2023
JUNE
19
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## യുവേഫ നേഷൻസ് ലീഗ് കിരീടത്തിൽ മുത്തമിട്ട് സ്പെയിൻ

**റോട്ടർഡാം:** പെനൽറ്റി ഷൂട്ടൗട്ട് വരെ നീണ്ട ആവേശപ്പോരാട്ടത്തിൽ ക്രൊയേഷ്യയെ വീഴ്ത്തി സ്പെയിനിന് യുവേഫ നേഷൻസ് ലീഗ് കിരീടം. നിശ്ചിത സമയത്തും അധിക സമയത്തും ഗോൾ രഹിതമായിരുന്ന മത്സരത്തിൽ, 5, 4നാണ് സ്പെയിനിന്റെ ഷൂട്ടൗട്ട് വിജയം. പെനൽറ്റി ഷൂട്ടൗട്ടിൽ ക്രൊയേഷ്യൻ താരം ബ്രൂണോ പെട്കോവിച്ചിന്റെ ഷോട്ട് രക്ഷപ്പെടുത്തിയ ഗോൾകീപ്പർ ഉനായ് സൈമണാണ് സ്പെയിനിന് കന്നി നേഷൻസ് ലീഗ് കിരീടം സമ്മാനിച്ചത്. 2012ൽ യൂറോ കപ്പ് വിജയിച്ച ശേഷം കഴിഞ്ഞ 11 വർഷത്തിനിടെ സ്പെയിൻ നേടുന്ന ആദ്യ പ്രധാന കിരീടമാണിത്.

ഇതോടെ, ലോകകപ്പിനും യൂറോ കപ്പിനും പുറമേ യുവേഫ നേഷൻസ് ലീഗ് കിരീടവും നേടുന്ന രണ്ടാമത്തെ മാത്രം ടീമായി സ്പെയിൻ മാറി. ഫ്രാൻസാണ് ഈ മൂന്നു കിരീടങ്ങളും നേടിയ ആദ്യ ടീം. 2021ലെ നേഷൻസ് ലീഗ് ഫൈനലിൽ സ്പെയിനിനെ വീഴ്ത്തിയാണ് ഫ്രാൻസ് കിരീടം നേടിയത്.

ക്രൊയേഷ്യയുടെ ലോവ്റോ മയേറിന്റെ കിക്ക് രക്ഷപ്പെടുത്തി ഗോൾകീപ്പർ സൈമൺ ഷൂട്ടൗട്ടിന്റെ തുടക്കത്തിൽത്തന്നെ സ്പെയിനിന് വിജയവഴി തുറന്നിട്ടതാണ്. ഇതിനു പിന്നാലെയാണ് പെട്കോവിച്ചിന്റെ ഷോട്ടും രക്ഷപ്പെടുത്തി സൈമൺ താരമായത്. ഇതോടെ അടുത്ത കിക്ക് ലക്ഷ്യത്തിലെത്തിച്ച് കാർവഹാൽ സ്പെയിനിന് കിരീടം സമ്മാനിച്ചു.

### കേരളത്തിൽ 2 ഐടി പാർക്കുകൾ

## സ്റ്റാർട്ടപ്പിൽ ഈ വർഷം 20,000 തൊഴിൽ: പിണറായി

**ദുബായ്:** വിവര സാങ്കേതിക രംഗത്ത് കേരളത്തെ ശക്തമാക്കുന്നതിന്റെ ഭാഗമായി പുതിയ 2 ഐടി പാർക്കുകൾ തുടങ്ങുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. നിലവിലുള്ള ഐടി പാർക്കുകൾക്ക് പുറമെയാണിത്. കേരളത്തിൽ നിലവിലുള്ള ഐടി പാർക്കുകളെ ബന്ധപ്പെടുത്തി പുതിയ ഐടി ഇടനാഴിയും വികസിപ്പിക്കും. തിരുവനന്തപുരം കൊല്ലം, ആലപ്പുഴ എറണാകുളം, എറണാകുളം കൊരട്ടി, കോഴിക്കോട് കണ്ണൂർ എന്നിവിടങ്ങളിലാണ് ഐടി ഇടനാഴി വരുന്നത്. ഇതിന് ആവശ്യമായ സ്ഥലമെടുപ്പ് നടക്കുകയാണ്. കേരള സ്റ്റാർട്ടപ് മിഷൻ വിദേശ രാജ്യങ്ങളിൽ തുടങ്ങുന്ന സംരംഭക സഹായ കേന്ദ്രമായ ഇൻഫിനിറ്റി സെന്ററുകളിൽ ആദ്യത്തേത് ദുബായിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പിണറായി വിജയൻ.



പുതിയ ഐടി സ്ഥാപനങ്ങൾക്കുള്ള സ്ഥലവും കെട്ടിടവും ഒരുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ലോകത്തെ പ്രമുഖ സ്ഥാപനങ്ങളെ കേരളത്തിലേക്കു കൊണ്ടുവന്ന് ഐടി രംഗം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളവും മലയാളികളും ഐടി രംഗത്ത് വലിയ നേട്ടങ്ങൾ സ്വന്തമാക്കിയെങ്കിലും നാമിപ്പോഴും പൂർണ തൃപ്തരല്ല. കൂടുതൽ മുന്നോട്ടു പോകുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുകയാണ് ആദ്യഘട്ടമായി സർക്കാർ ചെയ്യുന്നതെന്നും പിണറായി വിജയൻ പറഞ്ഞു.

സ്റ്റാർട്ടപ് വിപ്ലവത്തിലൂടെ ഈ വർഷം 20,000 തൊഴിൽ അവസരങ്ങൾ കൂടുതലായി സൃഷ്ടിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുകയാണ്.

നവ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 4,300 സ്റ്റാർട്ടപ്പുകളിലൂടെ 43,000 പേർക്ക് ഇതിനോടകം തൊഴിൽ ലഭ്യമാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു 4,500 കോടിയിലധികം രൂപ കേരള സ്റ്റാർട്ടപ്പുകളിൽ നിക്ഷേപമായി ലഭിച്ചിട്ടുണ്ടെന്നും പിണറായി വിജയൻ പറഞ്ഞു.

## നടൻ പൂജപ്പുര രവി അന്തരിച്ചു



**തൊടുപുഴ :** ചലച്ചിത്ര നടൻ പൂജപ്പുര രവി (രവീന്ദ്രൻ നായർ84) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെ തുടർന്ന് മറയൂരിലെ മകളുടെ വീട്ടിലായിരുന്നു. ഇന്നു രാവിലെ 11.30നു ശ്വാസം മുട്ടലിനെ തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടു പോകുന്നതിനിടെ മരണം സ്ഥിരീകരിക്കുകയായിരുന്നു. മൃതദേഹം തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോകും.

നാലായിരത്തോളം നാടകങ്ങളിലും എണ്ണൂറോളം സിനിമകളിലും അഭിനയിച്ച മലയാളത്തിലെ ശ്രദ്ധേയ നടനാണ് പൂജപ്പുര രവി. ഹാസ്യനടനായും സ്വഭാവനടനായും ദീർഘകാലം മലയാളസിനിമയിൽ അഭിനയിച്ചു. അവസാന ചിത്രം 2016ൽ പുറത്തിറങ്ങിയ ഗപ്പി.

തിരുവനന്തപുരം പൂജപ്പുര സ്വദേശിയാണ്. നാടക നടൻ ആയിരിക്കെ കലാനിലയം കൃഷ്ണൻ നായരാണ് അദ്ദേഹത്തിന്റെ പേര് മാറ്റിയത്. നാടകമേഖലയിൽ ധാരാളം രവിമാർ ഉള്ളതിനാൽ പൂജപ്പുര എന്ന സ്ഥലപ്പേരുകൂടി ചേർക്കുകയായിരുന്നു അദ്ദേഹം. ഭാര്യ പരേതയായ തങ്കമ്മ കലാനിലയത്തിൽ നടി ആയിരുന്നു. മക്കൾ ലക്ഷ്മി, ഹരികുമാർ.

## യുപിഐ ലൈറ്റ് ഗൂഗിൾ പേയിലും

**ന്യൂഡൽഹി:** ചെറിയ ഓൺലൈൻ പണമിടപാടുകൾ അതിവേഗം നടത്താനുള്ള യുപിഐ ലൈറ്റ് സേവനം ഇനി ഗൂഗിൾ പേയിലും. 200 രൂപയിൽ താഴെയുള്ള യുപിഐ ഇടപാടുകൾ പിൻ നമ്പർ ടൈപ്പ് ചെയ്യാതെ ഇതുവഴി നടത്താനാകും. യുപിഐ സെർവർ തകരാറും വേഗക്കുറവും ഈ ഈടപാടുകളെ ബാധിക്കില്ല.

200 രൂപ വരെയുള്ള ഇടപാടുകൾക്കായി ആപ്പിൽ പ്രത്യേകമായ ഒരു വോലറ്റ് ആണിത്. ഇതിൽ പരമാവധി 2,000 രൂപ വരെ ഒരുസമയം സൂക്ഷിക്കാം. വോലറ്റിൽ നിന്നായതിനാൽ ഇവ ബാങ്ക് സ്റ്റേറ്റ്മെന്റിലും പാസ്!ബുക്കിൽ രേഖപ്പെടുത്തില്ല. പേയ്ടിഎം, ഫോൺപേ, ഭീം ആപ്പുകളിൽ ഈ സേവനം നിലവിൽ ലഭ്യമാണ്.

## നാടൻ ഉൽപന്നങ്ങളുമായി ഗ്രാമശ്രീ സ്റ്റോർ

**കോഴിക്കോട്:** ഹോർട്ടികോർപ് സംസ്ഥാനത്തു 1000 ഗ്രാമശ്രീ ഫ്രാഞ്ചൈസി സ്റ്റോറുകൾ ആരംഭിക്കുമെന്നു ചെയർമാൻ എസ്.വേണുഗോപാൽ പറഞ്ഞു.

ഓണത്തിനു മുൻപു 250 സ്റ്റോറുകൾ തുടങ്ങും. ഗുണനിലവാരമുള്ള നാടൻ ഉൽപന്നങ്ങളാണു വിതരണം ചെയ്യുക, ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ, പൊതുമേഖല സ്ഥാപന ഉൽപന്നങ്ങൾ, മൂന്നാർ ശീതകാല പച്ചക്കറി, മറയൂർ ശർക്കര, തേൻ, പഴ വർഗങ്ങൾ, അരി തുടങ്ങിയവ സ്റ്റോറിൽ ലഭിക്കും.

കർഷകരിൽ നിന്നു ഉൽപന്നങ്ങൾ സംഭരിക്കാൻ എല്ലാ ജില്ലകളിലും ഹോർട്ടികോർപ് ഫാം ക്ലബ് രൂപീകരിക്കും.





# കേരളത്തിലെ ഏക 'കോപ്പിസ്' തേക്ക് തോട്ടം ഓർമയിലേക്ക്

**പത്തനംതിട്ട :** സംസ്ഥാനത്തെ ഏക 'കോപ്പിസ് ' തേക്ക് തോട്ടം ഓർമയാകുന്നു. കോന്നി വനം ഡിവിഷനിലെ കുമരംപേരൂർ തെക്ക്, ഞള്ളൂർ ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിലെ ഉടുമ്പന്നൂർ തേക്ക് പ്ലാന്റേഷനാണ് സംസ്ഥാനത്തെ ഏക 'കോപ്പിസ് ' തേക്ക് തോട്ടം. കുറ്റിയിൽ നിന്നോ വേരിൽ നിന്നോ മുള പൊട്ടി സ്വാഭാവികമായി ഉണ്ടാകുന്ന തോട്ടങ്ങളാണിവ. തേക്ക് മരങ്ങൾ പൂർണ വളർച്ച എത്തിയതിനാൽ വെട്ടി, തടി വനം ഡിപ്പോകളിൽ എത്തിച്ചു വിൽപന നടത്തും. രാജഭരണ കാലത്ത് ഇവിടെ തേക്കു തൈകൾ നട്ടിരുന്നതു 1957 ൽ മുറിച്ചു മാറ്റിയിരുന്നു. വീണ്ടും തൈകൾ നടാൻ പദ്ധതിയിട്ടെങ്കിലും നടന്നില്ല. പഴയ മരങ്ങളുടെ കുറ്റി, വേര് എന്നിവയിൽ നിന്നു പൊട്ടിക്കിളിർത്തു വീണ്ടും അവിടെ വലിയ തേക്ക് തോട്ടമായി മാറി.

ചെങ്ങറ മുതൽ അടവി കുട്ടവഞ്ചി കടവിനു പടിഞ്ഞാറ് വരെ 40 ഹെക്ടർ സ്ഥലത്താണ് ഉടുമ്പന്നൂർ തേക്ക് തോട്ടം വ്യാപിച്ചു കിടക്കുന്നത്. ഇതിൽ നിന്ന് 5818 തേക്കുമരങ്ങൾ മുറിക്കാനായി വനം വകുപ്പ് അടയാളപ്പെടുത്തി. അതിൽ കല്ലാറിന്റെ തീരത്തിനോടു ചേർന്നുള്ള 100 മരം ഒഴികെ എല്ലാം വെട്ടി കഴിഞ്ഞു.

വെട്ടിയ മരങ്ങളിൽ നിന്നു. 85,000 ഘന അടി തടി ഉണ്ടെന്നാണ് വനം വകുപ്പിന്റെ ഏകദേശ കണക്ക്. തടി വിൽപനയിലൂടെ 35 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മുറിച്ച തേക്കുകൾക്കു അൽപം പോലും വെള്ളയില്ല. മുഴുവൻ കാതലാണ്.

മുറിച്ചു തുടങ്ങിയപ്പോൾ തടിയുടെ കടുപ്പം കാരണം വാളുകൾ പൊട്ടുന്നതു പതിവായിരുന്നു. മരങ്ങൾ മുറിക്കുന്നതിനും കയറ്റി ഇറക്കുന്നതിനുമായി 200 തൊഴിലാളികൾ ഉണ്ടായിരുന്നു. വനംവകുപ്പിന്റെ അരീക്കകാവ്, അരുവാപ്പുലം, കടയ്ക്കാമൺ, പത്തനാപുരം, കുളത്തൂപ്പുഴ, വീയപുരം ഡിപ്പോകളിലാണു തടി ഇറക്കുന്നത്.

ഇവിടെ നിന്നു ലേലം ചെയ്തു വിൽപന നടത്തും.

നട്ടു പിടിപ്പിക്കാതെ വെട്ടിയ മരത്തിന്റെ കുറ്റി, വേര് എന്നിവയിൽ നിന്നു വീണ്ടും പൊട്ടിക്കിളിർത്തു വനമായി മാറുന്നതാണ് കോപ്പിസ്. പരിപാലന ചെലവില്ലാത്തതിനാൽ വനം വകുപ്പിനു നല്ല ലാഭമാണ്.െ

തൈകൾ നട്ടുപിടിപ്പിക്കുക, സംരക്ഷണ വേലി കെട്ടുക, ഇടവെട്ട് നടത്തുക തുടങ്ങിയ ഇനത്തിൽ വലിയ തുക ചെലവഴിച്ചാണ് സാധാരണ തേക്കുതോട്ടം വളർത്തി എടുക്കുന്നതെങ്കിൽ ഇവിടെ കാര്യമായ ചെലവില്ലാതെയാണു മരങ്ങൾ വളരുന്നത്.

യൂക്കാലി, തേക്ക് എന്നിവ കോപ്പിസ് രീതിയിൽ വളർത്താറുണ്ടെങ്കിലും തടിയുടെ ഉൽപാദനം സാധാരണ കൃഷി രീതിയിൽ വളർത്തുന്ന മരങ്ങളേക്കാൾ 50 ശതമാനം കുറവായതിനാൽ ഈ രീതി വനം വകുപ്പ് ഇപ്പോൾ പിന്തുടരുന്നില്ല. പകരം തൈ നട്ടു പരിപാലിക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

# മഴ കുറഞ്ഞു; കാർഷിക മേഖലയിൽ ആശങ്ക

■ **മുൻ വർഷങ്ങളെ അപേക്ഷിച്ച് മൺസൂൺ മഴയിൽ 48% വരെ കുറവ്**

**രാജകുമാരി:** സംസ്ഥാനത്ത് കാലവർഷം ആരംഭിച്ചെങ്കിലും ഹൈറേഞ്ചിൽ പല ഭാഗത്തും ഇനിയും മഴ ലഭിക്കാത്തത് കാർഷിക മേഖലയ്ക്ക് തിരിച്ചടിയാകുന്നു. ഏലം കൃഷി കൂടുതലുള്ള ഉടുമ്പൻചോല താലൂക്കിലെ രാജാക്കാട്, രാജകുമാരി, ശാന്തൻപാറ, ഉടുമ്പൻചോല, സേനാപതി പഞ്ചായത്തുകളിലാണ് ജില്ലയിൽ ഏറ്റവും കുറവ് മഴ ലഭിച്ചത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ജൂൺ പകുതി വരെ മൺസൂൺ മഴയിൽ 48% വരെ കുറവുണ്ടായി. മഴ കുറഞ്ഞതോടെ കാർഷിക മേഖല മുൻപെങ്ങുമില്ലാത്ത വിധം പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്.

സീസൺ ആരംഭിച്ചിട്ടും ആവശ്യത്തിന് മഴ ലഭിക്കാത്തത് ഏലം മേഖലയെയാണ് കൂടുതൽ പ്രതിസന്ധിയിലാക്കിയത്. ജൂൺ ആദ്യവാരം തന്നെ കൃഷി പണികൾ തുടങ്ങിയിരുന്ന പതിവിന് മാറ്റം വന്നു. വൻകിട തോട്ടങ്ങളിലുൾപ്പെടെ കൃഷിപ്പണികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. മഴ ശക്തമായാൽ മാത്രമേ ഏലത്തിന് വളപ്രയോഗം നടത്താൻ കഴിയൂ. കൃഷിപ്പണികളിലെ കാലതാമസം! ഈ സീസണിലും വിളവെടുപ്പ് വൈകാൻ കാരണമാകുമെന്നാണ് കർഷകർ പറയുന്നത്.

വേനലിന് ശേഷം കുരുമുളക് ചെടികൾ തളിർത്ത് തിരിയിടേണ്ട സമയത്ത് മഴ ലഭിക്കാത്തത് ഉൽപാദനം കുറയാൻ കാരണമാകുമെന്ന് കർഷകർ പറയുന്നു. കുരുമുളക് ചെടികളിൽ പരാഗണം നടക്കുന്നത് വെള്ളത്തിലൂടെയാണ്. അതു കൊണ്ട് യഥാസമയം മഴ ലഭിക്കാത്തത് തിരിച്ചടിയാകും. ഇതോടൊപ്പം കാലാവസ്ഥ വ്യതിയാനം മൂലം മഞ്ഞപ്പ്, തിരികൊഴിച്ചിൽ, ഇലകരിച്ചിൽ രോഗബാധയും വ്യാപകമാണ്.

ആവശ്യത്തിന് മഴ ലഭിക്കാത്തതിനാൽ പച്ചപ്പുല്ലിന്റെ ദൗർലഭ്യം ക്ഷീര മേഖലെ ബാധിക്കുന്നതായി കർഷകർ പറയുന്നു. 5 മാസത്തോളമായി തമിഴ്നാട്ടിൽ നിന്നുള്ള ചോളത്തട്ടയും വൈക്കോലുമാണ് കാലികൾക്ക് തീറ്റയായി നൽകുന്നത്. സാധാരണ ജൂൺ പകുതിയോടെ കൃഷിയിടങ്ങളിൽ പച്ചപ്പുല്ല് വളരേണ്ടതാണ്. എന്നാൽ നന സൗകര്യമില്ലാത്ത കൃഷിയിടങ്ങളിൽ പച്ചപ്പുല്ല് വളർന്നിട്ടില്ല. അതിനാൽ തമിഴ്നാട്ടിൽ നിന്നും കൂടിയ വില കൊടുത്ത് വാങ്ങുന്ന ചോളത്തട്ടയും വൈക്കോലുമാണ് ക്ഷീര കർഷകർക്ക് ആശ്രയം.



# അക്കരയ്ക്ക് ബോട്ടില്ല, കുട്ടനാട്ടുകാർ യാത്രാക്ലേശത്താൽ വലയുന്നു

**ആലപ്പുഴ:** സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകളെ ആശ്രയിക്കുന്ന കുട്ടനാട്ടുകാർ യാത്രാക്ലേശത്താൽ വലയുന്നു. പ്രധാനപ്പെട്ട പല റൂട്ടുകളിലും സർവീസ് നടത്താൻ ബോട്ടുകൾ ഇല്ല. ബോട്ടുകളുടെ യന്ത്രത്തകരാർ പരിഹരിക്കാത്തതും പുതിയ ബോട്ടുകൾ ഇറക്കാത്തതും സ്ഥിതി ഗുരുതരമാക്കിയെന്നു യാത്രക്കാർ പറയുന്നു. ചങ്ങനാശേരിയിൽ നിന്നു തുടങ്ങി കുട്ടനാട്ടിലെ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലൂടെ സർവീസ് നടത്തിയിരുന്ന ബോട്ട് ഒരു മാസമായി ഓടുന്നില്ല. പുളിങ്കുന്ന്, കാവാലം ബോട്ടുകളും മുടങ്ങി. ദിവസവും വൈകിട്ട് 4ന് കുപ്പപ്പുറം ഗവ. ഹൈസ്കൂൾ ജെട്ടിയിൽ എത്തിയിരുന്ന ബോട്ട് മുടങ്ങിയിട്ട് ഒരു മാസം കഴിഞ്ഞു.

വിദ്യാർഥികൾ ബോട്ട് പിടിച്ചുകെട്ടി സമരം നടത്തിയതിനെ തുടർന്നു താൽക്കാലിക സംവിധാനം ഏർപ്പെടുത്തി. മറ്റ് റൂട്ടുകളിൽ നിന്നു സർവീസുകൾ പിൻവലിച്ചാണ് താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയത്. ആലപ്പുഴയിൽ നിന്നു കോട്ടയത്തിന് പോകേണ്ട ബോട്ടാണ് ഇങ്ങനെ ക്രമീകരിച്ചത്. ഇതുമൂലം കോട്ടയം സർവീസ് തുടർച്ചയായി വൈകാൻ തുടങ്ങി. കേടുപാടുകൾ പരിഹരിക്കാൻ 17 യാത്രാബോട്ടുകളാണ് മാസങ്ങൾക്കു മുൻപ് ഡോക്കിൽ കയറ്റിയത്; ഇതുവരെയും തകരാർ പരിഹരിച്ചുകഴിഞ്ഞിട്ടില്ല!.

ഡോക്കിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ വച്ച് 2 വർഷം കഴിഞ്ഞാലും ബോട്ടുകൾ പണിതിറക്കാൻ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ 10 ബോട്ടുകൾ കണ്ടം ചെയ്യേണ്ടതാണെന്നു അധികൃതർ പറയുന്നു. നാലഞ്ച് ബോട്ടുകൾ മാത്രമേ കേടുപാട് പരിഹരിച്ച് സർവീസിന് ഇറക്കാൻ കഴിയൂ. അകവും പുറവും ഉള്ള ബുഷ് തേഞ്ഞുതീരുന്നത് മാറ്റുന്നതിനാണ് 3 ബോട്ടുകൾ കയറ്റിയത്. ഓരോ 6 മാസം കൂടുമ്പോഴും ബുഷ് മാറ്റിയിടാൻ ബോട്ടുകൾ ഡോക്കിൽ പ്രവേശിപ്പിക്കണം. എന്നാൽ ബോട്ടുകൾ കയറ്റി ഇടാനുള്ള സ്ലിപ് വേ തകർന്നതിനാൽ ബുഷ് മാറ്റുന്ന ജോലിയും മുടങ്ങുന്നു.

# മഴക്കാലമായിട്ടും വരട്ടാർ നവീകരണം പൂർത്തിയായില്ല

**ചെങ്ങന്നൂർ:** മഴക്കാലത്തും പൂർത്തിയാകാതെ വരട്ടാർ രണ്ടാം ഘട്ട നവീകരണം. മഴക്കാലത്തിനു മുൻപു പൂർത്തിയാകേണ്ട നവീകരണ പ്രവൃത്തികൾ ഇനിയും പൂർത്തിയായിട്ടില്ലെന്നതു നീരൊഴുക്കിനു തിരിച്ചടിയാകും. കൂടുതൽ വെള്ളമെത്തുന്നതോടെ ആഴം കൂട്ടിയ ഭാഗമൊക്കെ നികന്നു വീണ്ടും പഴയതു പോലെയാകുമെന്നും നാട്ടുകാർ പറയുന്നു. മഴ കനത്താൽ നവീകരണ പ്രവൃത്തികൾ കൃത്യമായി നടത്താനാകില്ലെന്നും നാട്ടുകാർ പറയുന്നു. തുടക്കം മുതൽ പ്രദേശവാസികളുടെ എതിർപ്പു സൃഷ്ടിക്കുന്ന തരത്തിലായിരുന്നു നവീകരണം.

2022 മാർച്ചിൽ, വേനൽക്കാലത്ത് ആഴം കൂട്ടുന്ന ജോലികൾ നടത്തുന്നതിനു പകരം മണൽ അരിക്കുന്ന ജോലികളാണു നടത്തിയത്. ഇടനാട് ഭാഗത്തു മണലൂറ്റിനെതിരെ നാട്ടുകാർ രംഗത്തെത്തിയിരുന്നു. ഹൈക്കോടതിയിൽ കേസുമായി. കുറ്റിക്കാട്ടുപടി ഭാഗത്തും മണലൂറ്റിനെതിരെ നാട്ടുകാർ ശബ്ദമുയർത്തിയതോടെ രണ്ടിടത്തും നവീകരണം പാതിവഴിയിൽ നിലച്ചു.

നിലവിൽ മഴുക്കീർ മാമ്പറ്റക്കടവ് ഭാഗത്താണ് ആഴംകൂട്ടൽ ജോലികൾ നടക്കുന്നത്. എന്നാൽ വരട്ടാറിന് ആഴം കൂട്ടേണ്ടതുണ്ടോ എന്ന കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തിയിട്ടില്ലെന്നും നാട്ടുകാർ ആരോപിക്കുന്നു. നേരത്തേ ചേലൂ!ർ കടവ് മുതൽ പഞ്ചവടി വരെ ചെളി നീക്കിയിരുന്നു. വരട്ടാറിൽ നിന്നും ആദിപമ്പയിൽ നിന്നുമെടുത്ത മണൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ പാസിന്റെ ബലത്തിൽ വിൽപന നടത്തിയെന്നും ആരോപണമുണ്ട്.

# ഡെങ്കി ബാധിതരുടെ എണ്ണം ആയിരം കടന്നു, പ്രതിരോധ പ്രവർത്തനങ്ങൾ മന്ദഗതിയിൽ

**കൊച്ചി:** ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം ആയിരം കടന്നു. ആരോഗ്യ വകുപ്പിന്റെ ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം 1024 പേർക്കാണു ഡെങ്കിപ്പനി ബാധിച്ചത്. ഇതിൽ 8 പേർ ഡെങ്കി ബാധിച്ചു മരിച്ചു. മുൻ മാസങ്ങളിൽ ഇല്ലാത്ത വിധം ഇൻഫ്ലുവൻസ ബാധിതരുടെ എണ്ണവും ഈ മാസം ഉയർന്നു. 40 പേർക്ക് ഇൻഫ്ലുവൻസ എയും 4 പേർക്ക് ഇൻഫ്ലുവൻസ ബിയും ബാധിച്ചു. ഇന്നലെ മാത്രം 73 പേർക്കാണു ഡെങ്കിപ്പനി ബാധിച്ചത്. കുമാരപുരം, തൃക്കാക്കര, വാഴക്കുളം, രായമംഗലം, കാക്കനാട്, ഇടപ്പള്ളി, വല്ലാർപാടം, പെരുമ്പാവൂർ, വെങ്ങോല, കളമശേരി, കുട്ടമ്പുഴ എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്ത കേസുകൾ ഡെങ്കിപ്പനിയാണെന്നു സ്ഥിരീകരിച്ചു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്കു നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ പലയിടങ്ങളിലും ഇപ്പോഴും മന്ദഗതിയിലാണു പ്രവർത്തനങ്ങൾ.

മഴ ശക്തമായതോടെ പകർച്ചവ്യാധികളും പടരുന്നു. ഡെങ്കിപ്പനിക്കു പിന്നാലെ മഞ്ഞപ്പിത്തം ബാധിച്ചവരുടെ എണ്ണവും കിഴക്കൻ മേഖലയിൽ വർധിക്കുന്നു. ജനറൽ ആശുപത്രിയിൽ ഒട്ടേറെ പേർ മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിൽ ഉണ്ട്. സ്വകാര്യ ആശുപത്രികളിലും മഞ്ഞപ്പിത്തം ബാധിച്ച് എത്തുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ട്. എലിപ്പനിയും വയറിളക്ക രോഗങ്ങളും ബാധിച്ച് ചികിത്സ തേടി ഒട്ടേറെ പേർ എത്തുന്നുണ്ട്. ജനറൽ ആശുപത്രിയിൽ കഴിഞ്ഞ ഒരാഴ്ചയായി പനി ബാധിച്ച് എത്തിയവരിൽ പത്തോളം പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചിട്ടുണ്ട്.

പായിപ്ര, മാറാടി, ആവോലി, വാളകം എന്നിവിടങ്ങളിൽ നിന്ന് എത്തിയവരിലാണു മഞ്ഞപ്പിത്തം സ്ഥിരീകരിച്ചത്. വാഴപ്പിള്ളിയിലെ സ്വകാര്യ ആശുപത്രിയിൽ നിത്യവും മൂന്നും നാലും പേർ മഞ്ഞപ്പിത്ത ബാധിതരായി എത്തുന്നുണ്ടെന്ന് ആശുപത്രിയിലെ ഡോക്ടർമാർ പറയുന്നു. കഴിഞ്ഞ ദിവസം പഞ്ചായത്തുകളിൽ മഴക്കാല രോഗങ്ങൾക്കെതിരെ പ്രതിരോധം ശക്തമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഓഫിസിൽ ചേർന്ന ജനപ്രതിനിധികളുടെയും ആരോഗ്യ പ്രവർത്തകരുടെയും യോഗത്തിൽ തീരുമാനിച്ചിരുന്നെങ്കിലും നടപടികളൊന്നും ആരംഭിച്ചിട്ടില്ല.



# കടൽസുരക്ഷ നടപടികൾ കർശനമാക്കി ഫിഷറീസ് വകുപ്പ്

**വൈപ്പിൻ:** കാലവർഷത്തിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും മീൻവിഭവസംരക്ഷണത്തിനുമായി നടപടികൾ കർശനമാക്കി ഫിഷറീസ് വകുപ്പ്. വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂറും റീജനൽ കൺട്രോൾ റൂം പ്രവർത്തിക്കും. ഫിഷറീസ് ഡയറക്ടേറ്റിലെ മാസ്റ്റർ കൺട്രോൾ റൂം, വിഴിഞ്ഞം,ബേപ്പൂർ എന്നിവിടങ്ങളിലെ മറ്റു റീജനൽ കൺട്രോൾ റൂമുകൾ എന്നിവയുമായി നിരന്തര സമ്പർക്കം നടത്തുന്നതും ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി,കോസ്റ്റൽ പൊലീസ് എന്നിവയുമായി ചേർന്ന് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതും റീജനൽ കൺട്രോൾ റൂം ആയിരിക്കും.

ജില്ലയിൽ കടൽ പട്രോളിങ്ങിനു അത്യാധുനിക പ്രഥമ ശുശ്രൂഷാ സംവിധാനങ്ങളുള്ള പ്രത്യാശ മറൈൻ ആംബുലൻസ് നഴ്സിങ് ജീവനക്കാരുടെ 24 മണിക്കൂർ സേവനം സജ്ജമാക്കി. ഇതിനു പുറമേ കടൽ സുരക്ഷയ്ക്കായി 2 വലിയ മീൻപിടിത്ത ബോട്ടുകൾ,ഒരു ഫൈബർ വള്ളം എന്നിവ വാടകയ്ക്ക് എടുത്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 9 മറൈൻ റസ്ക്യൂ ഗാർഡുമാരുടെ എണ്ണം 12 ആയി ഉയർത്തി. 10 പേർ അടങ്ങുന്ന സീ റസ്ക്യൂ സ്ക്വാഡിനെയും പുതുതായി നിയമിച്ചു. ഇവർക്ക് ഗോവയിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് അക്കാദമിയിൽ പ്രത്യേക ദുരന്തനിവാരണ പരിശീലനങ്ങൾ നൽകി. ഇതിൽ 5 പേർ ചെല്ലാനത്തും 5 പേർ മുനമ്പത്തും ക്യാംപ് ചെയ്യും.



പ്രത്യാശ മറൈൻ ആംബുലൻസ്, അരീവ മീൻപിടിത്ത ബോട്ട്, ഒരു ഫൈബർ വള്ളം എന്നിവ വൈപ്പിൻ കേന്ദ്രീകരിച്ചും സെന്റ് തിസിയോസ് മീൻപിടിത്തബോട്ട് മുനമ്പം കേന്ദ്രീകരിച്ചും രക്ഷാപ്രവർത്തനം നടത്തും. മുനമ്പം മേഖലയിലെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മുനമ്പം ഹാർബർ കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം കൂടി തുറന്നു. കടൽസുരക്ഷ,തീരസുരക്ഷ ശക്തമാക്കുന്നതിനായി കലക്ടറുടെ നിർദ്ദേശമനുസരിച്ചു സിറ്റി പൊലീസിൽനിന്നും 10 പൊലീസ് സേനാംഗങ്ങളുടെ സേവനം കൂടി വൈപ്പിൻ ഫിഷറീസ് സ്റ്റേഷന് ലഭിച്ചിട്ടുണ്ട്. കടലിൽ പോകുന്നവർ യാനത്തിന്റെ റജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് രേഖ, ആധാർ കാർഡ് എന്നവ കരുതണം. ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണം, ലൈഫ് ബോയ ബോട്ടിൽ കരുതണം. ചെറുമീനുകളെ പിടിക്കരുത്. ചൂട, കൊഴുവ വല ഉപയോഗിച്ച് മത്തി, അയല, മറ്റു മീൻ എന്നിവയെ പിടിക്കരുത്. ചെറുമീൻ പിടിച്ചാൽ യാനം പിടിച്ചെടുത്ത് ലൈസൻസ് റദ്ദാക്കുന്നതും പിഴ ഈടാക്കുന്നതുമാണ്. ചെറുമീൻ ഹാർബർ,ലാൻഡിങ് സെന്റർ എന്നിവിടങ്ങളിൽനിന്നും കയറ്റിക്കൊണ്ട് പോകുന്ന വാഹനങ്ങൾക്കും പിടിവീഴും.

കളർകോഡിങ് പൂർത്തിയാക്കാത്ത യന്ത്രവൽക്കൃത യാനങ്ങൾ ഈ കാലയളവിൽ കളർകോഡിങ് പൂർത്തിയാക്കണം.ട്രോളിങ് നിരോധന സമയത്ത് ഇതര സംസ്ഥാന വഞ്ചികൾ,വള്ളങ്ങൾ എന്നിവ ജില്ലയുടെ തീരത്ത് മീൻപിടിക്കാനോ ഇറക്കാനോ പാടില്ല. ഇൻബോർഡ് വള്ളങ്ങളിൽ ഒരു കാരിയർ മാത്രമെ ഉപയോഗിക്കാവൂ. ട്രോളിങ് നിരോധന കാലയളവിൽ രാസവസ്തുക്കൾ കലർന്നതോ പഴകിയതോ ആയ മത്സ്യം വരുന്നത് തടയാൻ ഫുഡ് സേഫ്റ്റി വകുപ്പിന്റെ കർശന പരിശോധന നടത്തും.

## സ്കൂൾ ലൈബ്രറിക്ക് പുസ്തകങ്ങൾ നൽകി

**കോട്ടക്കൽ:** ഗവ. രാജാസ് ഹൈസ്കൂൾ ലൈബ്രറിക്ക് അനുവദിച്ച പുസ്തകങ്ങൾ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ കൈമാറി. കേരള നിയമസഭ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിന്ന് എം.എൽ.എയുടെ പ്രത്യേക വികസന പദ്ധതിയിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് വാങ്ങിയ നൂറിലധികം പുസ്തകങ്ങളാണ് സ്കൂൾ ലൈബ്രറിക്ക് കൈമാറിയത്. സ്കൂളിൽ നടന്ന പരിപാടിയിൽ പ്രിൻസിപ്പൽ ബി. പ്രേംദാസ്, പ്രധാനധ്യാപകൻ എം.വി രാജൻ, പി.ടി.എ പ്രസിഡന്റ് സാജിദ് മങ്ങാട്ടിൽ എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.

പ്രമുഖ എഴുത്തുകാരുടെ സമ്പൂർണ്ണ കൃതികൾ, സ്വാതന്ത്ര്യ സമര ചരിത്രങ്ങൾ, ആത്മകഥകൾ, വിഖ്യാതമായ നോവലുകളും ചെറുകഥകളും, കവിതകൾ, ശാസ്ത്ര ഗ്രന്ഥങ്ങൾ, പരിസ്ഥിതി പാഠങ്ങൾ, സഞ്ചാര സാഹിത്യങ്ങൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിലായി 25,000 രൂപയുടെ പുസ്തകങ്ങളാണ് നൽകിയത്. കോട്ടക്കൽ നഗരസഭാ അധ്യക്ഷ ബുഷ്റ ഷബീർ അധ്യക്ഷത വഹിച്ചു. ജനപ്രതിനിധികളായ റംല, സനില പ്രവീൺ, എസ്.എം.സി ചെയർമാൻ യൂസഫ് എടക്കണ്ടൻ, ബി. പ്രേംദാസ്, എം.വി രാജൻ, സാൽബി, കെ. ബീന, വി. ദേവകി, എം.പി ഇസ്ഹാഖ് എന്നിവർ സംസാരിച്ചു.

## ഓണത്തിന് ഒരു കൊട്ട പൂവ് ജില്ലാതല നടീൽ ഉദ്ഘാടനം നടത്തി

**കണ്ണൂർ:** ജില്ലാ പഞ്ചായത്തിന്റെ 'ഓണത്തിന് ഒരു കൊട്ട പൂവ്' പദ്ധതിയുടെ ജില്ലാതല നടീൽ ഉൽഘാടനം പാപ്പിനിശേരി പമ്പാലയിൽ മിനി ഉണ്ണികൃഷ്ണന്റെ കൃഷിയിടത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ നിർവഹിച്ചു. പാപ്പിനിശ്ശേരി പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സഹകരണത്തോടെ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ അധ്യക്ഷനായി. 35 സെന്റിലാണ് ഇവിടെ ചെണ്ടുമല്ലി കൃഷി ഒരുക്കുന്നത്. കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ സി ജിഷ, കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ യു പി ശോഭ, വി കെ സുരേഷ് ബാബു, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ വി സുശീല, വൈസ് പ്രസിഡന്റ് കെ പ്രദീപ് കുമാർ, പാപ്പിനിശ്ശേരി പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ പി പി മാലിനി, ടികെ പ്രമോദ്, വാർഡ് അംഗങ്ങളായ പി രാജൻ, കെ ബാലകൃഷ്ണൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എം പി അനൂപ്, കൃഷി ഓഫീസർ കെ കെ ആദർശ്, കൃഷി അസി. എ പ്രിയങ്ക എന്നിവർ സംബന്ധിച്ചു.

ചെണ്ടുമല്ലി കൃഷി ഗ്രൂപ്പുകൾക്ക് 40 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് രണ്ട് ലക്ഷം ഹൈബ്രിഡ് തൈകൾ 450 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തു.

## എൻ.ആർ.ഐ സീറ്റുകളിലേക്കുള്ള പ്രവേശന കാലാവധി ദീർഘിപ്പിച്ചു

**ഇടുക്കി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ എറണാകുളം (04842575370, 8547005097) ചെങ്ങന്നൂർ (04792454125, 8547005032), അടൂർ (04734230640, 8547005100), കരുനാഗപ്പള്ളി (04762665935, 8547005036), കല്ലൂപ്പാറ (04692678983, 8547005034), ചേർത്തല (04782553416, 8547005038), ആറ്റിങ്ങൽ (9446700417, 9846934601, 8547005037), പൂഞ്ഞാർ (9562401737, 8547005035), കൊട്ടാരക്കര (04742458764, 8547005039) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് 202324 അധ്യയന വർഷത്തിൽ എൻ.ആർ.ഐ. സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷിക്കാനുള്ള കാലാവധി 2023 ജൂൺ 17ാം തീയതി മൂന്ന് മണി വരെ ദീർഘിപ്പിച്ചു. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ടും നിർദ്ദിഷ്ട അനുബന്ധങ്ങളും അതതു കോളേജുകളിൽ ജൂൺ 20 ന് വൈകുന്നേരം 4 മണിവരെ സമർപ്പിക്കാം. അപേക്ഷ www.ihrodnline.org/ihrdnri എന്ന വെബ്സൈറ്റ് വഴിയോ മേൽപറഞ്ഞ കോളേജുകളുടെ വെബ്സൈറ്റ് വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.ihrd.ac.in/ഇമെയിൽ: ihrd.itd@gmail.com.

## ടെൻഡർ

**കട്ടപ്പന:** ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിലുള്ള 145 അങ്കണവാടികകളിൽ അങ്കണവാടി പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങി നൽകുന്നതിന് ജി.എസ്.റ്റി രജിസ്ട്രേഷനുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്ര വച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു. ടെൻഡർ ഫോമുകൾ ജൂൺ 27 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് ഓഫീസിൽ പണമടച്ച് കൈപ്പറ്റാം. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ജൂൺ 27 ഉച്ചക്ക് 1 മണി. അന്നേ ദിവസം വൈകിട്ട് 3 മണിക്ക് ടെൻഡർ തുറക്കും. ടെൻഡറിൽ പങ്കെടുക്കുന്നവർ ഓഫീസിൽ നിന്നും അറിയിക്കുന്ന തീയതിയിൽ സാംപിളുകൾ ബ്ലോക്ക് തല പ്രൊക്വയർമെന്റ് കമ്മറ്റി മുമ്പാകെ ഹാജരാക്കണം. വാങ്ങുന്ന സാധനങ്ങൾ ടെൻഡറിൽ പറഞ്ഞിട്ടുള്ള സവിശേഷതകൾ, അളവ്, വില എന്നിവയിലായിരിക്കണം. വിതരണത്തിനുള്ള ഓർഡർ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സാധനങ്ങൾ എത്തിക്കണം. കൂടുതൽ വിവരങ്ങൾ കട്ടപ്പന ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 9188959714.

**കട്ടപ്പന** അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിലുള്ള 101അങ്കണവാടികളിൽ അങ്കണവാടി പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങി നൽകുന്നതിന് ജി.എസ്.റ്റി രജിസ്ട്രേഷനുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവെച്ച കവറിൽ ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഫോം വിൽക്കുന്ന അവസാന തീയതി ജൂൺ 27ന് 11 മണി. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ജൂൺ 27 പകൽ 1 മണി. ടെൻഡർ തുറക്കുന്നത് ജൂൺ 27 പകൽ 2.30 നായിരിക്കും. ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഓഫീസിൽ നിന്നും അറിയിക്കുന്ന തീയതിയിൽ സാമ്പിളുകൾ ബ്ലോക്ക് തല പ്രൊക്വയർമെന്റ് കമ്മറ്റി മുമ്പാകെ ഹാജരാക്കണം. വാങ്ങുന്ന സാധനങ്ങൾ ടെൻഡറിൽ പറഞ്ഞിട്ടുള്ള സവിശേഷതകൾ, അളവ്, വില എന്നിവയിലായിരിക്കണം. വിതരണത്തിനുള്ള ഓർഡർ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സാധനങ്ങൾ എത്തിക്കണം. കൂടുതൽ വിവരങ്ങൾ: 9895090045.



# വിഴിഞ്ഞം തുറമുഖത്ത് ആദ്യ കപ്പൽ സെപ്റ്റംബറിൽ

**വിഴിഞ്ഞം:** സെപ്റ്റംബറിൽ ആദ്യ കപ്പൽ അടുക്കുന്ന വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ഇനി ശേഷിക്കുന്ന പ്രധാന ജോലികൾ ബെർത്ത്, ബാക്ക് യാഡ് എന്നിവ സംബന്ധിച്ചുള്ളതു മാത്രം. രണ്ടു മാസത്തിനുള്ളിൽ തീർക്കാൻ ലക്ഷ്യമിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ കൂടുതൽ തൊഴിലാളികളെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തിയാണ് ജോലികൾ പുരോഗമിക്കുന്നതെന്ന് അദാനി വിഴിഞ്ഞം തുറമുഖ കമ്പനി അധികൃതർ പറഞ്ഞു. ആദ്യ ഘട്ടത്തിൽ 300 മീറ്റർ നീളമുള്ള ബെർത്ത് ആണ് സജ്ജമാവുകയെന്ന് അധികൃതർ പറഞ്ഞു. ഇതിന്റെ ഭാഗമായി ബെർത്ത് ചട്ടക്കൂടിനു മുകളിൽ സ്ലാബ് സ്ഥാപിച്ചുറപ്പിക്കുന്ന ജോലിയാണ് പുരോഗമിക്കുന്നത്.

ഇതു പകുതിയിലേറെ പൂർത്തിയായി. ഈ ജോലി കൂടുതൽ സുഗമവും സൗകര്യപ്രദവുമായി നിർവഹിക്കുന്നതിന് ഇതിനു മുകളിൽ സജ്ജമാക്കിയിരുന്ന ലോഡ് ഔട്ട് സംവിധാനം പൊളിച്ചു നീക്കിത്തുടങ്ങി. സ്ലാബിനു മുകളിൽ നിശ്ചിത കനത്തിൽ കോൺക്രീറ്റ് സ്ഥാപിക്കുന്നതോടെ ബെർത്ത് സംബന്ധിയായ പ്രധാന ജോലി പൂർത്തിയാവും.

ബെർത്തിനു മുന്നിലാണ് കപ്പൽ അടുക്കുന്നത്. ബെർത്തും കപ്പലും തമ്മിൽ കൂട്ടിയിടിക്കാതിരിക്കാൻ ഫെൻഡേഴ്സ് എന്നറിയുന്ന സാങ്കേതിക സംവിധാനമടക്കമുള്ളവയും സ്ഥാപിക്കും. ബെർത്തിനു തൊട്ടു പിന്നിലായി സജ്ജമാകുന്ന ബാക്ക് അപ് യാഡ് ആണ് ശേഷിക്കുന്ന നിർമിതിയിലെ രണ്ടാമത്തേത്.

ഈയിടെ ഡ്രജിങ്ങിലൂടെ രൂപപ്പെട്ട ഈ ഭാഗത്തെ തറ ഉറപ്പാക്കാനുള്ള ജോലികളാണ് പുരോഗമിക്കുന്നത്. ഇതു പൂർത്തിയായാൽ മുകളിൽ ഇന്റർലോക്ക് പാകി യാഡ് സജ്ജമാക്കും. കണ്ടെയ്നറുകൾ ഉൾപ്പെടെയുള്ള കയറ്റിറക്കു സാധനങ്ങൾ ഈ ഭാഗത്താണ് സജ്ജീകരിക്കുക. തുറമുഖത്ത് യഥേഷ്ടം ഇന്ധന ലഭ്യതയ്ക്ക് ഐഒസിയുടെ പമ്പ് നിർമാണവും സമീപത്ത് പുരോഗതിയിലാണ്.

തുറമുഖത്തെത്തുന്ന കണ്ടെയ്നർ വാഹികളായ ട്രെയിലറുകൾ, മറ്റു യന്ത്ര സംവിധാനങ്ങൾ എന്നിവക്കുള്ള ഇന്ധന ലഭ്യതക്കായാണ് പമ്പ്. സെപ്റ്റംബറിൽ ആദ്യം എത്തുന്ന കപ്പലിൽ 8 ഷോർട് ഷിപ് ക്രെയിനുകളിൽ ആദ്യത്തെ 3 എണ്ണം കൊണ്ടുവരുമെന്നു അധികൃതർ പറഞ്ഞു.

ഇതു കൂടാതെ 24 യാഡ് ക്രെയിനുകളും ഇവിടേക്ക് എത്താൻ സജ്ജമാണ്. കപ്പൽ അടുക്കാൻ വേണ്ട നീളത്തിലുള്ള പുലിമുട്ടു നിലവിൽ പൂർത്തിയായിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു.

# ലൈറ്റ് മെട്രോ പദ്ധതി വീണ്ടും ചർച്ചയിൽ

**കോഴിക്കോട്:** നിർദിഷ്ട ലൈറ്റ് മെട്രോ പദ്ധതി ചർച്ചകൾ വീണ്ടും സജീവമാകുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കേണ്ട മെട്രോ റെയിൽ പദ്ധതികൾ സംബന്ധിച്ച കരട് പഠനറിപ്പോർട്ട് പൂർത്തിയായി. രണ്ടു നഗരങ്ങളിലെയും ഗതാഗത രൂപരേഖ, ബദൽ ഗതാഗത നിർണയം എന്നിവ സംബന്ധിച്ച പഠനരേഖയാണ് പൂർത്തിയായത്. നടത്തിപ്പു ചുമതലയുള്ള കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നിർദേശപ്രകാരം അർബൻ മാസ് ട്രാൻസിറ്റ് കമ്പനിയാണ് പഠനം നടത്തിയത്.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഗതാഗതവകുപ്പ്, കലക്ടർമാർ, റവന്യു വകുപ്പ് അധികൃതർ തുടങ്ങിയവരുടെ യോഗം ചേർന്നാണ് ഈ പഠനറിപ്പോർട്ടിൽ ചർച്ച നടത്തുക. ഈ യോഗത്തിൽ ഉയരുന്ന നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി വേണ്ട മാറ്റങ്ങൾ വരുത്തിയ ശേഷം അന്തിമ പഠനറിപ്പോർട്ട് സമർപ്പിക്കും. പഠനറിപ്പോർട്ട് ചർച്ചചെയ്ത ശേഷമേ കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോയാണോ അതോ മറ്റേതെങ്കിലും അതിവേഗ ഗതാഗത സംവിധാനമാണോ വേണ്ടത് എന്നു തീരുമാനിക്കൂ.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തെ നിർമാണമാണ് പരിഗണിക്കുന്നത്. സംസ്ഥാനത്തെ വിവിധ നിർദിഷ്ട മെട്രോ പദ്ധതികൾ ഒരൊറ്റ കമ്പനിയുടെ കീഴിലേ നടത്താവൂ എന്ന് കേന്ദ്രനിർദേശം വന്നിട്ടുണ്ട്.

തിരുവനന്തപുരത്ത് മെട്രോ ലൈറ്റ് മാതൃകയാണ് കേന്ദ്രം പരിഗണിച്ചിരുന്നത്. പക്ഷേ മെട്രോ ലൈറ്റ് മാതൃക രാജ്യത്ത് ഇതുവരെ പരീക്ഷിക്കാത്തതിനാൽ സംസ്ഥാന സർക്കാരിനു സ്വീകാര്യമല്ല. അന്തിമ പഠനറിപ്പോർട്ട് ഈ മാസം സമർപ്പിച്ചാലുടൻ വിശദ പദ്ധതിരേഖ (ഡിപിആർ) തയാറാക്കാൻ തുടങ്ങും. ഇതിനു സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചയുടനെ കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിക്കും

## പ്രോജക്ട് അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് കരാർ അടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കാൻ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 2024 മാർച്ച് 31 വരെയായിരിക്കും നിയമനം. സംസ്ഥാന സാങ്കേതിക പരീക്ഷ കൺട്രോളറോ സാങ്കേതിക വിദ്യാഭ്യാസ ബോർഡോ നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കമേഴ്സ്യൽ പ്രാക്ടീസ് (ഡിസിപി)അല്ലെങ്കിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് പാസായിരിക്കണം. അല്ലെങ്കിൽ കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒരു വർഷത്തിൽ കുറയാതെയുള്ള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പോസ്റ്റ് ഗ്രാജറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസായിരിക്കണം. അപേക്ഷകൾ ജൂലൈ 3 ന് 5 മണിക്ക് മുമ്പ് സെക്രട്ടറി, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, തടിയമ്പാട് പി. ഒ, ഇടുക്കി എന്ന വിലാസത്തിൽ ലഭിക്കണം.

## പട്ടികജാതി പ്രൊമോട്ടർ: അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ ബ്ലോക്ക്, മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസുകളിൽ പ്രൊമോട്ടറായി താൽക്കാലികമായി നിയമിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി, യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത. പ്രായപരിധി 1840 വയസ്സ്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലേക്ക് അപേക്ഷിക്കുന്നവർ അതത് തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിലുള്ളവരായിരിക്കണം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപ സ്ഥാപനത്തിലുള്ളവരെ പരിഗണിക്കും. ജില്ലാതല അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. നിയമനം ലഭിക്കുന്നവർക്ക് പ്രതിമാസം 10000 രൂപ നിരക്കിൽ ഹോണറേറിയം ലഭിക്കും. സേവന കാലയളവ് ഒരു വർഷമാണ്. സേവനം തൃപ്തികരമാണെങ്കിൽ ഒരു വർഷത്തേക്ക് കൂടി സേവന കാലയളവ് ദീർഘിപ്പിച്ച് നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുമുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ജൂൺ 20ന് 5 മണി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 296297.

## ക്വട്ടേഷൻ ക്ഷണിച്ചു

**വാഴക്കുളം:** ബ്ലോക്ക് കുട്ടമശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ സൂക്ഷിച്ചിട്ടുള്ള തീറ്റപ്പുൽ വിത്തുകൾ വിവിധ സ്ഥലങ്ങളിൽ എത്തിച്ചു നൽകുന്നതിന് തയ്യാറുള്ള വാഹന ഉടമകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 24ന് ഉച്ചയ്ക്ക് രണ്ടു വരെ. കൂടുതൽ വിവരങ്ങൾ കാക്കനാട് സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ അറിയാം. ക്വട്ടേഷൻ നേരിട്ടോ തപാൽ വഴിയോ സമർപ്പിക്കാം



# കാസർകോട് ജില്ലയിൽ മഴക്കുറവ്

**കാസർകോട്** : കാത്തിരുന്നു കാലവർഷമെത്തിയെങ്കിലും മഴ പേരിനു മാത്രം. തകർത്തു പെയ്യേണ്ട ജൂൺ മാസത്തിൽ ആദ്യ 16 ദിവസത്തെ കണക്കുകൾ നോക്കിയാൽ പെയ്തതു സാധാരണ ലഭിക്കേണ്ട മഴയുടെ 26% മാത്രം. മഴക്കുറവ് 74%. ശതമാനക്കണക്കിൽ സംസ്ഥാനത്തു മഴ ഏറ്റവും കുറവ് ലഭിച്ചത് കാസർകോടാണ്. സാധാരണ കാലവർഷം ഏറ്റവും കൂടുതൽ ലഭിക്കേണ്ട കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇത്തവണ മഴ വളരെ കുറവാണ്. ജൂൺ മാസത്തിൽ 469 മില്ലിമീറ്റർ മഴ ലഭിച്ചിരുന്ന സ്ഥാനത്ത് ഇതുവരെ കിട്ടിയത് 120.7 മില്ലിമീറ്റർ മാത്രം. കഴിഞ്ഞ ദിവസങ്ങളിൽ ഗുജറാത്ത് തീരത്തു വീശിയടിച്ച ബിപോർജോയ് ചുഴലിക്കാറ്റിനു സംസ്ഥാനത്തു വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ കടൽ മിക്ക സമയവും പ്രക്ഷുബ്ധമായിരുന്നു. തോണികളിൽ പോകുന്നവർക്കും മത്സ്യബന്ധനത്തിനു പോകാൻ പ്രയാസമായിരുന്നു. കാർഷിക മേഖലയെയും മഴക്കുറവ് വലിയ തോതിൽ ബാധിക്കുന്നുണ്ട്.

വരൾച്ച രൂക്ഷമായി ബാധിച്ച മടിക്കൈ പഞ്ചായത്തിൽ നെൽക്കൃഷിക്ക് വിത്തിടാൻ നിലമൊരുക്കിയെങ്കിലും വരണ്ടുണങ്ങിയ നിലയിലാണ്. ഈ മാസം 20 വരെയെങ്കിലും കാലവർഷം ദുർബലമായി തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിലയിരുത്തുന്നത്. പാലക്കാട്, തിരുവനന്തപുരം, വയനാട്, ഇടുക്കി ജില്ലകളിൽ മാത്രമാണ് കാസർകോടിനേക്കാൾ മഴ കുറവ്. ഇന്നലെ ജില്ലയിൽ നേരിയ മഴ മാത്രമാണു ലഭിച്ചത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് 8 ജില്ലകളിൽ മഴ വളരെ കുറവാണ്. സംസ്ഥാന ശരാശരിയേക്കാൾ 58% മഴ കുറവാണ്. കാലവർഷത്തെ അടിസ്ഥാനമാക്കിയുള്ള കൃഷി രീതികൾ ഉൾപ്പെടെ വരും ദിവസങ്ങളിൽ വലിയ പ്രതിസന്ധി നേരിട്ടേക്കാം. ഈ വർഷവും ശരാശരിയിലും കൂടുതൽ കാലവർഷം ലഭിക്കുമെന്ന രീതിയിലുള്ള വിലയിരുത്തലുകളാണു മിക്ക കാലാവസ്ഥാ കേന്ദ്രങ്ങളിൽ നിന്നുമുണ്ടായത്. ഇത്തവണ വേനൽമഴ കുറയുകയും കാലവർഷമെത്താൻ വൈകുകയും ചെയ്തതു ജില്ലയിൽ പല മേഖലകളിലും വരൾച്ചാ പ്രശ്നങ്ങൾക്കു കാരണമായിരുന്നു. ഈ മാസം 10 വരെ കലക്ടർ ഉത്തരവിട്ടതിനെ തുടർന്ന് വരൾച്ച ബാധിച്ച സ്ഥലങ്ങളിൽ ശുദ്ധജല വിതരണം നടത്തിയിരുന്നു.

കാലവർഷത്തിൽ ജില്ലയിൽ കഴിഞ്ഞ വർഷം ലഭിച്ച മഴ : 2785.7 മില്ലിമീറ്റർ. ഇത് ദീർഘകാല ശരാശരിയേക്കാൾ 2% കുറവായിരുന്നു. എങ്കിലും ജില്ലയെ തുടർന്നുള്ള മാസങ്ങളിൽ വലിയ പ്രശ്നങ്ങളില്ലാതെ പിടിച്ചു നിർത്തിയത് മികച്ച കാലവർഷം ലഭിച്ചതാണ്. ഒക്ടോബറിലെ തുലാമഴയും പിന്നീട് വേനൽ മഴയും വളരെ കുറച്ചു മാത്രമാണു ലഭിച്ചത്.

# ഐടിഐകൾ വനിതകളുടെ സ്വയംപര്യാപ്തത കൈവരിക്കാൻ: മന്ത്രി വി ശിവൻകുട്ടി

ചാലക്കുടി: വനിതകൾക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സഹായകരമാകുന്ന രീതിയിലാണ് വനിതാ ഐടിഐകൾ രൂപകല്പന ചെയ്തിട്ടുള്ളതെന്ന് വിദ്യാഭ്യാസ തൊഴിൽ നൈപുണ്യ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ചാലക്കുടി ഗവ. വനിതാ ഐടിഐയിൽ ഭരണനിർവഹണ സമുച്ചയത്തിന്റെ രണ്ടാം നില നിർമാണോദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

പ്രളയത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടായ ക്യാമ്പസിന് സർക്കാർ ആവശ്യമായ ഫണ്ട് നൽകി മുഴുവൻ നാശനഷ്ടങ്ങൾ നികത്തി. പിന്നീട് 5.5 ലക്ഷം രൂപ അനുവദിച്ച് ഹരിത ക്യാമ്പസാക്കി മാറ്റുകയും ചെയ്തു. സംസ്ഥാന സർക്കാർ നടത്തിയ ഗ്രേഡിംഗിൽ സംസ്ഥാനത്തെ രണ്ടാംനിര ഐടിഐകളിൽ ചാലക്കുടി വനിത ഐടിഐ ഒന്നാം സ്ഥാനം കൈവരിച്ചു.

2022ലെ കൂടാതെ ഐടിഐകളുടെ ഉന്നമനത്തിനായുള്ള സ്ട്രൈവ് കേന്ദ്ര പദ്ധതി പ്രകാരം സ്ഥാപനത്തിന് 1.24 കോടി രൂപ അനുവദിക്കുകയും അതിന്റെ ആദ്യ ഗഡുവായി 12 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരമുള്ള ഉപകരണങ്ങളുടെ സംഭരണ നടപടികൾ നടന്നുവരുന്നു.

വനിതാ ഐടിഐകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 57.1 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രാക്ടിക്കൽ ക്ലാസ്സും കമ്പ്യൂട്ടർ ലാബും ഉൾപ്പെട്ട ഭരണനിർവ്വഹണ സമുച്ചയത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം ഐടിഐക്ക് കൂടുതൽ ഉയരങ്ങളിൽ എത്തുവാൻ സഹായകരമാവുമെന്നും മന്ത്രി പറഞ്ഞു.

സംരംഭകരും തൊഴിൽദാതാക്കളുമായി മാറാവുന്ന തരത്തിൽ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തണമെന്ന് അദ്ദേഹം പറഞ്ഞു. സ്ത്രീകൾ എല്ലാ മേഖലകളിലും താക്കോൽ സ്ഥാനങ്ങൾ വഹിക്കുകയും എല്ലാ മത്സരപ്പരീക്ഷകളിലും മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ ഇത് പ്രയാസകരമല്ലെന്നും അദ്ദേഹം പറഞ്ഞു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനിയർ എൻ വി ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു.ചടങ്ങിൽ നഗരസഭ ചെയർമാൻ എബി ജോർജ്, വൈസ് ചെയർപേഴ്സൺ ആലിസ് ഷിബു, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സൂസി സുനിൽ, വാർഡ് കൗൺസിലർ ബിന്ദു ശശികുമാർ, ജോയിന്റ് ഡയറക്ടർ മിനി മാത്യു, എറണാകുളം മേഖല ട്രയിനിങ് ഇൻസ്പെക്ടർ സനൽകുമാർ പി, ചാലക്കുടി ഐ ടി ഐ പ്രിൻസിപ്പൽ ഇൻ ചാർജ് രാജേഷ് വി ചന്ദ്രൻ , ചാലക്കുടി വനിത ഐ ടി ഐ പ്രിൻസിപ്പൽ സെബാസ്റ്റ്യൻ പി എ, ടെയിനീസ് കൗൺസിൽ ചെയർപേഴ്സൺ ശ്രീലക്ഷ്മി ടി എസ് , പാർലിമെന്ററി പാർട്ടി ലീഡർ സി എസ് സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.



# കോടമഞ്ഞും മഴയും പച്ചപ്പുമായി കാഴ്ചകളുടെ പറുദീസയൊരുക്കി റാണിപുരം

**റാണിപുരം:** മൺസൂൺ ആരംഭിച്ചതോടെ മലനിരകൾ മുഴുവൻ പച്ചപ്പണിഞ്ഞ് കോടമഞ്ഞുമായി സഞ്ചാരികളെ വരവേറ്റ് കേരളത്തിലെ ഊട്ടിയായ റാണിപുരം വിനോദ സഞ്ചാര കേന്ദ്രം. മൺസൂൺ ടൂറിസം ആരംഭിച്ചതോടെ നിത്യവും റാണിപുരത്തേയ്ക്ക് സഞ്ചാരികളുടെ ഒഴുക്കാണ് അനുഭവപ്പെടുന്നത്. മുൻ വർഷങ്ങളിൽ കർണാടകയിൽ നിന്നാണ് കുടുതൽ മൺസൂൺ വിനോദ സഞ്ചാര സംഘം എത്തിയതെന്ന് റാണിപുരം വനസംരക്ഷണ സമിതി മുൻ പ്രസിഡന്റ് എസ്.മധുസൂദനൻ പറയുന്നു. വനിതകൾ മാത്രം അടങ്ങുന്ന യാത്രാ സംഘങ്ങളും സ്ഥിരമായി എത്താറുണ്ട്. സ്ത്രീകൾ ഉൾപ്പെടുന്ന ആർക്കും സ്വതന്ത്രമായി വരാൻ സാധിക്കുന്ന വിനോദ സഞ്ചാര കേന്ദ്രമായി റാണിപുരം മാറിയതോടെ യാത്രാ സംഘങ്ങൾ റാണിപുരത്തെ തേടി എത്താൻ തുടങ്ങിയിരിക്കുകയാണ്. വനസംരക്ഷണ സമിതിയുടെ വാച്ചർമാരാണ് സഞ്ചാരികളെ നിയന്ത്രിക്കുന്നത്.

കഴിഞ്ഞ ദിവസം 599 പേരാണ് റാണിപുരം മല കയറാൻ എത്തിയത്. സാധാരണ ഇട ദിവസങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ എണ്ണം കുറവായിരുന്നെങ്കിൽ മൺസൂൺ ആരംഭിച്ചതോടെ ദിവസവും സഞ്ചാരികൾ എത്തുന്നുണ്ട്. ശനി, ഞായർ ദിവസങ്ങളിലാണ് തിരക്ക് കൂടുതൽ അനുഭവപ്പെടുന്നത്. മഴ നടത്തത്തിനും സംഘങ്ങൾ എത്തുന്നുണ്ട്. മഴക്കാലം തവളകളുടെ പ്രജനന കാലഘട്ടമായതിനാൽ റാണിപുരം വനത്തിലുള്ള വിവിധ തരം തവളകളെ കുറിച്ച് പഠിക്കാനും സംഘങ്ങൾ എത്തുന്ന സമയമാണ് മൺസൂൺ കാലം. സുരക്ഷിതമായ ട്രക്കിങ്ങിന് പറ്റിയ പ്രദേശമായതിനാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും സഞ്ചാരികൾ കുടുംബ സമേതം റാണിപുരത്ത് എത്തുന്നു എന്നതും പ്രത്യേകതയാണ്. ആവശ്യമായ സഹായങ്ങൾക്കും സുരക്ഷിതത്വത്തിനുമായി വനംവകുപ്പ് ജീവനക്കാരും വാച്ചർമാരും മലമുകളിലുണ്ടാകും. റാണിപുരത്തെ ഏറ്റവും ഉയരം കൂടിയ സ്ഥലത്തെ പാറയിൽ മഴക്കാലത്ത് വഴുതൽ ഉള്ളതിനാൽ പാറയുടെ മുകളിൽ കയറുന്നത് സഞ്ചാരികൾ ഒഴിവാക്കണമെന്ന് വനംവകുപ്പ് അധികൃതർ അറിയിക്കുന്നു.

പുലർച്ചെ 6 മുതൽ തന്നെ വാഹനങ്ങൾ റാണിപുരത്ത് എത്തുന്നതായി വാച്ചർമാർ പറയുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നും തലേന്നു തന്നെ സഞ്ചാരികളെത്തി തമ്പടിക്കാറുണ്ട്. രാവിലെ 8 മുതൽ വനംവകുപ്പ് കൗണ്ടറിൽ നിന്നും ടിക്കറ്റ് വിതരണം ആരംഭിക്കും. വൈകിട്ട് 5.30 ആണ് തിരിച്ചിറങ്ങാനുള്ള സമയം. റാണിപുരത്ത് എത്തുന്നവർക്ക് താമസിക്കാൻ ഡി!ടിപിസി ക്വാർട്ടേഴ്സിലും, നിരവധി സ്വകാര്യ ക്വാർട്ടേഴ്സുകളിലും ഭക്ഷണം ഉൾപ്പെടെയുള്ള താമസ സൗകര്യം ലഭ്യമാണ്. താമസ സൗകര്യവും ആവശ്യമായ ഭക്ഷണവും മുൻകൂട്ടി ബുക്ക് ചെയ്യാനും സാധിക്കും.

## യോഗ പരിശീലനം തുടങ്ങി

**കണിയാമ്പറ്റ:** ഗ്രാമ പഞ്ചായത്ത്, ഗവ. ആയുർവേദ ഡിസ്പെൻസറി, ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ എന്നിവരുടെ ആഭിമുഖ്യത്തിൽ യോഗ പരിശീലനം ആരംഭിച്ചു. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കമലാ രാമൻ ഉദ്ഘാടനം ചെയ്തു. ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിൽ യോഗാ ഇൻസ്ട്രക്ടറുടെ കീഴിൽ ജനറൽ, ക്ലിനിക്കൽ, കമ്മ്യൂണിറ്റി എന്നിങ്ങനെ മൂന്ന് തരത്തിലുള്ള യോഗ പരിശീലനമാണ് ലഭ്യമാകുക. ജനറൽ വിഭാഗത്തിലുള്ള യോഗ പരിശീലനത്തിൽ കണിയാമ്പറ്റ പഞ്ചായത്തിലുള്ളവർക്ക് ദിവസവും യോഗാ സെന്ററിലെത്തി യോഗ അഭ്യസിക്കാം. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ ഈ അവസരം പ്രയോജനപ്പെടുത്താം. ക്ലിനിക്കൽ യോഗ വിഭാഗത്തിൽ മെഡിക്കൽ ഓഫീസർ നിർദേശപ്രകാരം രോഗിയുടെ അവസ്ഥ അനുസരിച്ചുള്ള സെഷനുകൾ ഉൾപ്പെടുത്തിയാണ് യോഗാ പരിശീലനം നൽകുന്നത്. കമ്മ്യൂണിറ്റി യോഗ വിഭാഗത്തിൽ മാസത്തിൽ 24 മണിക്കൂർ സ്കൂളുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് യോഗ പരിശീലനം നൽകും.

## ഫാദേഴ്സ് ഡേയിൽ ഡിജിറ്റൽ ഫിലിമുമായി എസ്ബിഐ ലൈഫ്

**കൊച്ചി:** ഫാദേഴ്സ് ഡേയോട് അനുബന്ധിച്ച് എസ്ബിഐ ലൈഫ് 'പപ്പാഹേനാ' എന്ന ഡിജിറ്റൽ ഫിലിം അവതരിപ്പിച്ചു. വെല്ലുവിളികൾക്കിടയിലും കുട്ടികൾക്കു പ്രചോദനം നൽകുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത പിതാവിനെ അവതരിപ്പിക്കുന്നതും അദ്ദേഹത്തിൻറെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതുമാണ് ഈ ഡിജിറ്റൽ ഫിലിം. പിതാവും മക്കളും തമ്മിലുള്ള ബന്ധത്തെ ഉയർത്തിക്കാട്ടി ആത്മവിശ്വാസവും ഉത്തരവാദിത്തവും വളർത്തുന്നതിന് പിതാവിൻറെ കഴിവിനെ ഫിലിം മികച്ച രീതിയിൽ ഉയർത്തിക്കാട്ടുന്നു.
https://youtu.be/03F-Li7Nl7Y എന്ന ലിങ്കിൽ ക്ലിക്കു ചെയ്ത് ഡിജിറ്റൽ ഫിലിം കാണാം.തങ്ങളുടെ മക്കളുമായി നീു നിൽക്കുന്ന ബന്ധം സ്ഥാപിച്ച എല്ലാ പിതാക്കൾക്കും തങ്ങളുടെ നന്ദി അറിയിക്കുന്നതാണ് ഈ ചിത്രമെന്ന് എസ്ബിഐ ലൈഫ് കോർപറേറ്റ് കമ്യൂണിക്കേഷൻ, സിഎസ്ആർ മേധാവി രവീന്ദ്ര ശർമ്മ പറഞ്ഞു.

## പണമയക്കൽ: ഇൻഡസ് ഇൻഡ് ബാങ്ക് വൈസ് ധാരണ

**കൊച്ചി:** പ്രവാസികൾക്ക് ഇന്ത്യയിലേക്ക് കുറഞ്ഞ ചെലവിൽ പണമയക്കാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനായി ഇൻഡസ് ഇൻഡ് ബാങ്ക് ആഗോള സാങ്കേതികവിദ്യാ കമ്പനിയായ വൈസുമായി പങ്കാളിത്തം ആരംഭിച്ചു. അമേരിക്കയിലേയും സിംഗപൂരിലേയും പ്രവാസികൾക്കാണ് ഇതിൻറെ ഗുണം ലഭിക്കുക. ഇൻഡസ് ബാങ്കിൻറെ ഇൻഡസ് ഫാസ്റ്റ് റെമിറ്റ്, വൈസ് എന്നിവ സംയോജിപ്പിച്ച് വിവിധ കറൻസികളിലായുള്ള പണമയക്കൽ സാധ്യമാക്കും. വൈസ് വഴിയുള്ള പണമയക്കലുകളിൽ 55 ശതമാനവും 20 സെക്കൻറുകൾക്കുള്ളിൽ നടക്കുമെന്ന നേട്ടവും ഇവിടെയു്.പ്രവാസികൾക്ക് ഇന്ത്യയിലെ ഗുണഭോക്താക്കൾക്കായി മൽസരക്ഷമമായ വിനിമയ നിരക്കിലും കുറഞ്ഞ ചെലവിലും പണമയക്കാൻ ഈ സൗകര്യം സഹായകമാകുമെന്ന് ഇൻഡസ് ഇൻഡ് ബാങ്ക് കൺസ്യൂമർ ബാങ്കിങ് ആൻറ് മാർക്കറ്റിങ് വിഭാഗം മേധാവി സൗമിത്ര സെൻ പറഞ്ഞു.

## ആക്സിസ് ബാങ്ക് :എൻ എസ് വിശ്വനാഥൻ പാർട്ട് ടൈം ചെയർമാൻ



**കൊച്ചി:** റിസർവ് ബാങ്ക് മുൻ ഡെപ്യൂട്ടി ഗവർണറായ എൻ എസ് വിശ്വനാഥനെ ആക്സിസ് ബാങ്ക് നോൺ എക്സിക്യൂട്ടീവ് (പാർട്ട് ടൈം) ചെയർമാനായി നിയമിച്ചു. ബാങ്ക് ഓഹരി ഉടമകളുടേയും റിസർവ് ബാങ്കിന്റെയും അനുമതിക്കു വിധേയമായായിരിക്കും ബാങ്ക് ഡയറക്ടർ ബോർഡിന്റെ ഈ തീരുമാനം. മൂന്ന് വർഷത്തേക്കാണ് നിയമനം. 2020 മാർച്ചിലാണ് എൻ എസ് വിശ്വനാഥൻ റിസർവ് ബാങ്കിൽ നിന്നു വിരമിച്ചത്.സാമ്പത്തിക മേഖലയിലെ അദ്ദേഹത്തിൻറെ മികച്ച അറിവ് കോർപറേറ്റ് ഭരണ രംഗത്ത് ഉന്നത നിലവാരം സൂക്ഷിക്കാനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലും സഹായകമാകുമെന്ന് ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

## പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണത്തിന് ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി അർബൻ2 ഐസിഡിഎസ് പ്രോജക്ടിലെ 130 അങ്കണവാടികൾക്ക് ആവശ്യമുള്ള പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള ടെൻഡറുകൾ ജൂലൈ 7 ന് ഉച്ചയ്ക്ക് 2 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ 0484 2663169

# മാധ്യമപ്രവർത്തകർ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മുൻനിര പോരാളികൾ: ജസ്റ്റിസ് അനു ശിവരാമൻ




**കൊച്ചി:** ഭരണഘടന ഉറപ്പു നൽകുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ മുൻനിര പോരാളികളാണ് മാധ്യമ പ്രവർത്തകരെന്ന് കേരള ഹൈക്കോടതി ജസ്റ്റിസ് അനു ശിവരാമൻ. കേരള മീഡിയ അക്കാദമി 202122 ബാച്ചിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. 1987 ലെ അക്കാദമിയുടെ ആദ്യ ബാച്ചിലെ ഒന്നാം റാങ്ക് ജേതാവ് കൂടിയാണ് ജസ്റ്റിസ്.നീതിയുക്തവും സ്വതന്ത്രവും പരിഷ്കൃതവുമായ ഒരു സമൂഹത്തിന് സത്യസന്ധമായ മാധ്യമപ്രവർത്തനം അത്യാവശ്യമാണെന്നും ജസ്റ്റിസ് അനു ശിവരാമൻ വ്യക്തമാക്കി.മാധ്യമപ്രവർത്തകർ എഴുതുന്നത് സമൂഹത്തെ ആഴത്തിൽ സ്വാധീനിക്കുമെന്നും മൂല്യബോധവും പക്വതയുമുള്ള മാധ്യമ സംസ്കാരം തിരിച്ചു പിടിക്കാൻ പുതുതലമുറ മാധ്യമ പ്രവർത്തകർക്ക് കഴിയണമെന്നും അവർ പറഞ്ഞു. ഉയർന്ന മൂല്യങ്ങളോടെ നിവർന്ന നട്ടെല്ലോടെ പറയേണ്ടത് പറയാൻ സാധിക്കട്ടെ എന്ന് അവർ വിദ്യാർത്ഥികളെ ആശംസിച്ചു. മാധ്യമ രംഗത്തെ പ്രഗൽഭർ പഠിച്ചിറങ്ങിയ സ്ഥാപനം എന്നത് മാത്രമല്ല കേരളത്തിലെ പ്രമുഖ മാധ്യമപ്രവർത്തകർ നയിക്കുന്ന ക്ലാസുകളാണ് അക്കാദമിയിലെ പ്രത്യേകതയെന്നും അവർ കൂട്ടിച്ചേർത്തു.മാധ്യമ മേഖലയിലുള്ളവർക്കായി ജോബ് ഫെയർ സംഘടിപ്പിക്കുവാനും, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് സ്റ്റാർട്ടപ്പ് മിഷൻ ആരംഭിക്കുവാനുമുള്ള പദ്ധതിയുണ്ടെന്ന് അധ്യക്ഷത വഹിച്ച കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു പറഞ്ഞു. മലയാള മനോരമ മുൻ എഡിറ്റർ ഇൻ ഡയറക്ടർ തോമസ് ജേക്കബ് കേരള മീഡിയ അക്കാദമി മുൻ ചെയർമാൻ ടി കെ ജി നായർ അനുസ്മരണ പ്രഭാഷണം നടത്തി. ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണവും നടന്നു. ജേണലിസം & കമ്മ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡുകളുടെ വിതരണവും ചടങ്ങിന്റെ ഭാഗമായി നടന്നു. ഒന്നാം റാങ്കിനർഹരായ അഹല്ല്യ മണി നായർ, ദേവു വിജയ, അമൽ സുരേന്ദ്രൻ എന്നിവർക്ക് കേരള മീഡിയ അക്കാദമി ക്യാഷ് പ്രൈസും രണ്ടാം റാങ്ക് നേടിയ സൗമ്യ എസ്, ഫർഹ എൻ.എസ്, സന്ദീപ് സുരേന്ദ്രൻ എന്നിവർക്ക് എം എൻ ശിവരാമൻ നായർ മെമ്മോറിയൽ ക്യാഷ് പ്രൈസും മൂന്നാം റാങ്ക് ജേതാക്കളായ ജസീർ റ്റി.കെ തിരുവാക്കളത്തിൽ, അക്ഷയ് ബാബു എം, തുളസി ആർ എന്നിവർക്ക് പി എസ് ജോൺ മെമ്മോറിയൽ ക്യാഷ് അവർഡും നൽകി അനുമോദിച്ചു. ഇതിനു പുറമെ സി പി മേനോൻ മെമ്മോറിയൽ ക്യാഷ് അവാർഡ്, ടി കെ ജി നായർ മെമ്മോറിയൽ ക്യാഷ് അവാർഡ്, കുരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് മെമ്മോറിയൽ ക്യാഷ് അവാർഡ് തുടങ്ങിയവയുടെ വിതരണവും നടന്നു. ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾക്ക് പുറമെ വീഡിയോ എഡിറ്റിംഗ്, ഫോട്ടോ ജേണലിസം, ന്യൂ മീഡിയ ആൻഡ് ഡിജിറ്റൽ ജേണലിസം കോഴ്സുകളുടെ റാങ്ക് ജേതാക്കൾക്കുള്ള അവാർഡ് വിതരണവും നടന്നു.കേരള മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ് സുഭാഷ്, ചലച്ചിത്ര സംവിധായക വിധു വിൻസെന്റ്, കായിക പത്രപ്രവർത്തകൻ ഷൈജു ദാമോദരൻ, മാധ്യമ പ്രവർത്തകൻ ആന്റണി ജോൺ, പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല, കെ.ഹേമലത തുടങ്ങിയവർ സംസാരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ കെ രാജഗോപാൽ കോൺവൊക്കേഷൻ റിപ്പോർട്ട് അവതരിപ്പിച്ചു. അക്കാദമി സെക്രട്ടറി കെ.ജി. സന്തോഷ് സ്വാഗതവും അസി.സെക്രട്ടറി പി.കെ വേലായുധൻ നന്ദിയും പറഞ്ഞു.

# അമൃത് 2 പദ്ധതി: കൊച്ചി കോർപ്പറേഷന്റെ 345 കോടിയുടെ പദ്ധതികൾക്ക് ഭരണാനുമതി

**കൊച്ചി:** അമൃത് 2 പദ്ധതിയിലുൾപ്പെടുത്തി കൊച്ചി കോർപ്പറേഷനിൽ നടപ്പാക്കുന്ന 345 കോടി രൂപയുടെ പദ്ധതികളുടെ അവലോകനം മേയറുടെ അധ്യക്ഷതയിൽ കൂടിയ അമൃത് 2 കോർ കമ്മിറ്റി യോഗത്തിൽ നടത്തി. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട 152 കോടി രൂപയുടെയും സ്വീവേജ് പദ്ധതിയുടെ ഭാഗമായ 193 കോടി രൂപയുടെയും പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട 27 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവർത്തികൾ ആരംഭിക്കുന്ന ഘട്ടത്തിലാണെന്ന് മേയർ അഡ്വ.എം അനിൽകുമാർ പറഞ്ഞു. കുഞ്ഞൻബാവ റോഡിൽ പൈപ്പ് ഇടുന്ന പദ്ധതിയും പാഴൂർ പമ്പ്ഹൗസിൽ നിലവിലുണ്ടായിരുന്ന 3 വെർട്ടിക്കൽ ടർബൈൻ പമ്പുകളിൽ 2 എണ്ണം കേടായതിന് ശേഷം കൊച്ചി നഗരത്തിൽ കുടിവെള്ള വിതരണത്തിൽ സമീപകാലത്ത് ഉണ്ടായ പ്രതിസന്ധി ഇനി ആവർത്തിക്കാതിരിക്കുന്നതിനും കൂടുതൽ വെള്ളം മരട് ട്രീറ്റ്മെൻറ് പ്ലാൻറിലേയ്ക്ക് എത്തിക്കുന്നതിനും അഡീഷണൽ പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തിയും അമൃത് 2ൽ ഉൾപ്പെടുത്തി ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.അമൃത് ഒന്നാംഘട്ടത്തിൽ എളംകുളത്ത് നിർമ്മാണം പൂർത്തീകരിച്ച സ്വവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൂടാതെ എളംകുളത്ത് 5 എം.എൽ.ഡിയുടെ മറ്റൊരു സ്വവേജ് ട്രീൻറ്മെന്റ് പ്ലാന്റും 40 കിലോമീറ്റർ നെറ്റ്വർക്കും ഉൾപ്പെടുന്ന 193 കോടി രൂപയുടെ പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകുന്ന നടപടികളും അമൃത് 2ൽ പുരോഗമിക്കുന്നു. അമൃത് 2ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും മേയറുടെ അധ്യക്ഷതയിൽ കോർ കമ്മിറ്റി യോഗം ചേരുവാനും ഇതിന്റെ പുരോഗതി ജനങ്ങളെ അറിയിക്കുവാനും തീരുമാനിച്ചിട്ടുണ്ടെന്നും മേയർ വ്യക്തമാക്കി.

# പട്ടയമേള ഇന്ന് ; 1012 പേർക്ക് കൂടി പട്ടയം വിതരണം ചെയ്യും

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിനോട് അനുബന്ധിച്ച് നൂറു ദിന കർമ്മപദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന പട്ടയമേളയിൽ 1012 പേർക്ക് കൂടി പട്ടയം വിതരണം ചെയ്യും. കളമശേരി മുൻസിപ്പൽ ടൗൺഹാളിൽ ഇന്ന് രാവിലെ 11 ന് നടക്കുന്ന പട്ടയമേളയുടെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിക്കും. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും.ജില്ലയിലെ ഏഴ് താലൂക്കുകളിലായി 124 സാധാരണ പട്ടയങ്ങളും 288 ദേവസ്വം പട്ടയങ്ങളും 600 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും വിതരണം ചെയ്യും. കൂടാതെ 13 അപേക്ഷകർക്ക് കൈവശാവകാശ രേഖകളും കൈമാറും കണയന്നൂർ താലൂക്കിൽ 12, ആലുവയിൽ 13 ഉം, പറവൂരിൽ നാലും കൊച്ചി താലൂക്കിൽ 18 ഉം, മൂവാറ്റുപുഴയിൽ 16ഉം കോതമംഗലത്ത് 30ഉം, കുന്നത്തുനാട്ടിൽ 31ഉം സാധാരണ പട്ടയങ്ങളാണ് വിതരണത്തിന് ഒരുങ്ങിയിരിക്കുന്നത്.പട്ടയം നൽകാൻ കഴിയാത്ത റോഡ്, തോട് ഉൾപ്പെടെയുള്ള പുറമ്പോക്കുകളിൽ കഴിയുന്നവർക്ക് ഗ്യാസ് കണക്ഷൻ എടുക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് കൈവശാവകാശ രേഖ നൽകുന്നത്. കണയന്നൂർ താലൂക്കിൽ ഒന്നും, കൊച്ചിയിൽ ഏഴും, കുന്നത്തുനാട്ടിൽ അഞ്ചും കൈവശാവകാശ രേഖകളാണ് നൽകുന്നത്.സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കുക, വർഷങ്ങളായി ഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയവും ക്രയ സർട്ടിഫിക്കറ്റും നൽകുക എന്നീ ലക്ഷ്യത്തോടെയാണ് പട്ടയമേള സംഘടിപ്പിക്കുന്നത്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിന് പിന്നാലെ നടക്കുന്ന മൂന്നാമത്തെ പട്ടയമേളയാണ് കളമശേരിയിൽ നടക്കുന്നത്. ആദ്യ പട്ടയമേളയിൽ 530 പട്ടയങ്ങളും രണ്ടാമത്തെ പട്ടയമേളയിൽ 2447 പട്ടയങ്ങളും ഉൾപ്പെടെ 2977 പട്ടയങ്ങളാണ് ജില്ലയിൽ വിതരണം ചെയ്തത്.ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, എംപിമാരായ ഹൈബി ഈഡൻ, ബെന്നി ബെഹനാൻ, തോമസ് ചാഴിക്കാടൻ, അഡ്വ. ഡീൻ കുര്യാക്കോസ്, കൊച്ചി കോർപ്പറേഷൻ മേയർ എം അനിൽകുമാർ, എംഎൽഎമാരായ അനൂപ് ജേക്കബ്, ആന്റണി ജോൺ, അൻവർ സാദത്ത്, കെ ബാബു, എൽദോസ് പി കുന്നപ്പിള്ളിൽ, മാത്യു കുഴൽനാടൻ, കെ ജെ മാക്സി, റോജി എം ജോൺ, പി വി ശ്രീനിജിൻ, ഉമ തോമസ്, കെ എൻ ഉണ്ണികൃഷ്ണൻ, ടി ജെ വിനോദ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ഫോർട്ട് കൊച്ചി സബ് കളക്ടർ വിഷ്ണുരാജ്, അസിസ്റ്റന്റ് കളക്ടർ ഹർഷിൽ ആർ മീണ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ് ഷാജഹാൻ, കളമശ്ശേരി മുൻസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, മൂവാറ്റുപുഴ റവന്യൂ ഡിവിഷൻ ഓഫീസർ പി എൻ അനി, കളമശ്ശേരി മുൻസിപ്പാലിറ്റി കൗൺസിലർ ഷാജഹാൻ കാടപ്പള്ളി, ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ബി അനിൽകുമാർ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# അതിഥി തൊഴിലാളികളുടെ മക്കൾക്ക് വെങ്ങോലയിൽ മൊബൈൽ ക്രഷ്

**കൊച്ചി:** അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായി മൊബൈൽ ക്രഷുമായി ജില്ലാ ഭരണകൂടവും വെങ്ങോല ഗ്രാമ പഞ്ചായത്തും. കുട്ടികൾക്കുള്ള ഡേ കെയർ സംവിധാനം ജൂലൈ മൂന്നിന് ഉദ്ഘാടനം ചെയ്യുമെന്ന് പഞ്ചായത്ത് ഹാളിൽ നടന്ന ആലോചന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (എ.ഡി.എം.) എസ്. ഷാജഹാൻ അറിയിച്ചു.വെങ്ങോല ഗ്രാമപഞ്ചായത്തിലെ ഓണംകുളത്താണ് ക്രഷ് നിർമിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. വെങ്ങോലക്ക് സമീപം പ്ലൈവുഡ് കമ്പനിയിലെ ചളിക്കുണ്ടിൽ വീണ് കുട്ടി മരിച്ച സംഭവത്തിന് പിന്നാലെയാണ് ജോലിക്ക് പോകുന്ന അതിഥി തൊഴിലാളികളുടെ മക്കൾക്കായി ഡേ കെയർ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചത്. ഹൈകോർട്ടിന് സമീപം പ്രവർത്തിക്കുന്ന മൊബൈൽ ക്രഷിന്റെ പരിഷ്കരിച്ച മാതൃകയാകും ഇവിടെ കൊണ്ടു വരിക. മോഡൽ മൊബൈൽ ക്രഷാക്കി മാറ്റി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് ജില്ലാ ഭരണകൂടം ലക്ഷ്യമിടുന്നതെന്ന് എ.ഡി.എം വ്യക്തമാക്കി.സ്വകാര്യ സ്ഥാപനമായ സി.ഐ.എ ഫൗണ്ടേഷന്റെ സി.എസ്.ആർ ഫണ്ടിന്റെയും സോമിൽ ഓണേഴ്സ് ആൻഡ് പ്ലൈവുഡ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെയും (സോപ്മ) ധനസഹായത്തോടെയാണ് ക്രഷിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുക. ഇതിന് പുറമെ കൂടുതൽ സർക്കാർ സഹായം കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. ആദ്യ ഘട്ടത്തിൽ 25 കുട്ടികൾക്കുള്ള സൗകര്യമാണ് തയ്യാറാക്കുന്നത്. ഇവർക്ക് വേണ്ട ഭക്ഷണം യാത്ര സൗകര്യം തുടങ്ങിയവ ഒരുക്കും.



രണ്ട് ഷിഫ്റ്റുകളിലായി നാല് ജീവനക്കാരാകും ക്രഷിൽ ഉണ്ടാവുക. ഇതിൽ രണ്ടുപേർ അതിഥി തൊഴിലാളികളോ അവരുടെ ഭാഷ കൈകാര്യം ചെയ്യുന്നവരോ ആയിരിക്കും.യോഗത്തിൽ ക്രഷിന്റെ നടത്തിപ്പിനായി വെൽഫെയർ കമ്മിറ്റി രൂപീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ സമിതിയിൽ പഞ്ചായത്ത് വികസനകാര്യ അധ്യക്ഷ, വാർഡ് കൗൺസിലർ, ഐ.സി.ഡി.എസ്, സി.ഡി.പി.ഓ സൂപ്പർവൈസർമാർ, സോപ്മ പ്രതിനിധികൾ തുടങ്ങിയവരാണ് മറ്റ് അംഗങ്ങൾ. ക്രഷിനായി കണ്ടെത്തിയ കെട്ടിടം സന്ദർശിച്ച എ.ഡി.എം രണ്ടാഴ്ചക്കകം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. എ.ഡി.എമ്മിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെങ്ങോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിഹാബ് പള്ളിക്കൽ, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം കോ ഓഡിനേറ്റർ കെ.ബി സൈന, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സോപ്മ പ്രതിനിധികൾ, സി.ഐ.എ ഉടമകൾ തുടങ്ങിയവർ പങ്കെടുത്തു.

# വായന പക്ഷാചരണം ജില്ലാതല ഉദ്ഘാടനം ഇന്ന്

**കൊച്ചി:** വായന പക്ഷാചരണം ജില്ലാതല ഉദ്ഘാടനം ആലുവ യു.സി. കോളേജ് ടി.ബി. നൈനാൻ ഹാളിൽ ഇന്ന് രാവിലെ 11.45 ന് പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്യും. യു.സി. കോളേജ് പ്രിൻസിപ്പാൾ ഡോ. എം.ഐ. പുന്നൂസ് അധ്യക്ഷത വഹിക്കും. രാവിലെ 10.20 ന് അക്ഷര ഗീതങ്ങൾ. തുടർന്ന് കവിതയുടെ താളപ്രമാണങ്ങൾ എന്ന വിഷയത്തിൽ കെ.ബി. രാജ് ആനന്ദ് പ്രഭാഷണം നടത്തും. സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളെ ചടങ്ങിൽ ആദരിക്കും. എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പി.കെ. സോമൻ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.ജെ. ജോമി എന്നിവർവായനാ ദിന സന്ദേശം നൽകും. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രഥമ സ്ഥാനീയൻ പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ ഐ.വി. ദാസിന്റെ ജന്മദിനമായ ജൂലൈ 7 വരെയാണ് വായന പക്ഷാചരണം. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ജില്ലാ ലൈബ്രറി കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, പി.എൻ. പണിക്കർ ഫൗണ്ടേഷൻ, സാക്ഷരതാ മിഷൻ, യു.സി. കോളേജ് മലയാള വിഭാഗം എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിജാസ് ജ്യുവൽ, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എം.ആർ. സുരേന്ദ്രൻ, വിദ്യാഭ്യാസ വകുപ്പ് ജില്ലാ ഉപഡയറക്ടർ ഹണി ജെ. അലക്സാണ്ടർ, സാക്ഷരതാ മിഷൻ ജില്ലാ കോഓഡിനേറ്റർ ദീപ ജെയിംസ്, പി.എൻ. പണിക്കർ ഫൗണ്ടേഷൻ കോഓഡിനേറ്റർ ഹരീഷ് ആർ. നമ്പൂതിരിപ്പാട്, ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡന്റ് ഷെറീന ബഷീർ തുടങ്ങിയവർ പങ്കെടുക്കും.

## അംബേദ്കർ ഗ്രാമ വികസന പദ്ധതി: ചെങ്ങറ കോളനിക്ക് ഒരു കോടി

**കൊച്ചി:** ആവോലി ഗ്രാമ പഞ്ചായത്തിലെ ചെങ്ങറ കോളനി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നു. പട്ടികജാതി കോളനികൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം ഒരു കോടി രൂപയുടെ വികസന പദ്ധതികളാണ് കോളനിയിൽ നടപ്പാക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾ താമസിക്കുന്ന കോളനിയിൽ പട്ടിക ജാതി വിഭാഗങ്ങൾ ഉൾപ്പെടെ 175 കുടുംബങ്ങളാണുള്ളത്. കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് മാത്യു കുഴൽനാടൻ എം എൽ എ പറഞ്ഞു. ഓരോ മണ്ഡലത്തിലെയും എം. എൽ. എമാർ നേരിട്ടാണ് പദ്ധതിക്കനുയോജ്യമായ കോളനി തിരഞ്ഞെടുക്കുക. അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുക. കോളനിയിലെ സംരക്ഷണഭിത്തിയുടെ നിർമ്മാണം, സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ, റോഡുകളുടെ നവീകരണം, പൊതുകുളം നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കമ്മ്യൂണിറ്റി ജൈവ കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കൽ, വീടുകളുടെ പുനരുദ്ധാരണം തുടങ്ങി നിരവധി പ്രവർത്തനകളാണ് കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായി ചെയ്യുന്നത്. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിനായി എൻ. ഒ. സി. ലഭ്യമാക്കാൻ വേ നടപടികൾ സ്വീകരിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് ഷെൽമി ജോൺസ് പറഞ്ഞു.

## പോത്ത്, ആട്ടിൻകുട്ടി വളർത്തൽ: അപേക്ഷ ക്ഷണിച്ചു

കൊച്ചി: പോത്തിൻകുട്ടികളേയും ആട്ടിൻകുട്ടികളേയും വളർത്തി തിരിച്ചെടുക്കുന്നതിന് മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ (എം.പി.ഐ) ആവിഷ്കരിച്ച പദ്ധതിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്തുടനീളം 500 കർഷകരെ തെരഞ്ഞെടുത്ത് ഒരാൾക്ക് ര് പോത്തിൻകുട്ടികളെയോ അഞ്ച് പെൺ ആട്ടിൻ കുട്ടികളെയോ വളർത്താൻ കൊടുക്കും. കുട്ടികളുടെ വില ആദ്യം കർഷകർ നൽകേതില്ല. എന്നാൽ വളർത്തിയെടുക്കുന്ന പോത്ത്/ആട് ഇവയെ എം.പി.ഐ. ക്ക് തിരിച്ചുനൽകണം. എം.പി.ഐ. മാർക്കറ്റ് വിലയ്ക്ക് ഇവയെ തിരിച്ചെടുക്കും. ഈ അവസരത്തിൽ കുട്ടികളുടെ വില ഈടാക്കി ബാക്കി തുക കർഷകർക്കു നൽകും. 12 മാസമാണ് വളർത്തുകാലഘട്ടം. 9 മാസം പ്രായമുള്ള ആട്ടിൻകുട്ടികളെയും 12 മാസം പ്രായമുള്ള പോത്ത് കിടാരികളെയുമാണ് വളർത്താൻ നൽകുന്നത്. ഇൻഷുറൻസ്, വെറ്ററിനറി എയ്ഡ്, ട്രെയിനിങ്ങ്, എന്നിവ എം.പി.ഐ. നിർവഹിക്കും.പദ്ധതിയിലെ രജിസ്ട്രേഷൻ ജൂൺ 17 മുതൽ ജൂലൈ 31 വരെ ഓൺലൈൻ ആയോ നേരിട്ടോ ഹെഡ് ഓഫീസിൽ സ്വീകരിക്കും. അപേക്ഷാ ഫോമിനും മറ്റു വിശദവിവരങ്ങൾക്കും എം.പി.ഐ. യുടെ വെബ്സൈറ്റായ ഠഠഠ.ാലമ്യേീറൗരേൌളശിറശമ.രീാ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 8281110007, 9947597902. ഓൺലൈൻ അപേക്ഷകൾ അയക്കേ ഇമെയിൽ: ാുശലറമ്യമ്യ@ഴാമശഹ.രീാ.

## ഉദ്യോഗ് 2023 ജോബ് ഫെയർ ജൂൺ 24ന് മൂക്കന്നൂരിൽ

**കൊച്ചി:**എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും മൂക്കന്നൂർ ബാലനഗർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ ജൂൺ 24ന് ഉദ്യോഗ് 2023 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിക്കുന്നു. ബാലനഗർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മൂക്കന്നൂരിൽ നടക്കുന്ന ജോബ് ഫെയറിൽ 35ൽ അധികം ഉദ്യോഗദായകർ പങ്കെടുക്കുന്നു്. കൂടാതെ 2000ൽകൂടുതൽ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടു്.എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം,ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക്, പാരാമെഡിക്കൽ തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ജോബ് ഫെയറിൽ പങ്കെടുക്കാം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എൻ.സി.എസ് പോർട്ടലിൽ ഇവന്റ്സ് ആൻഡ് ജോബ് ഫെയേഴ്സ് എന്ന ഓപ്ഷനിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0484 2427494

# ഭാവിയും അവസരങ്ങളും ചർച്ച ചെയ്ത് ഡിജിറ്റൽ ഹെൽത്ത് കണക്ട് സമ്മിറ്റ്

**കൊച്ചി:** ഇന്ത്യയിലെ ഡിജിറ്റൽ ഹെൽത്ത് രംഗത്തെ അനന്ത സാധ്യതകൾ ചർച്ച ചെയ്ത് 'ഡിജിറ്റൽ ഹെൽത്ത് കണക്ട്'. അർഥർ ഡി ലിറ്റിൽ ഇന്ത്യ, ഇൻഫോപാർക്ക്, ടെക്നോപാർക്ക് എന്നിവരുമായി ചേർന്ന് നാറ്റ്ഹെൽത്ത് ഹെൽത്ത്കെയർ ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച 'ഡിജിറ്റൽ ഹെൽത്ത് കണക്ട്' ദ്വിദിന സമ്മിറ്റ് കൊച്ചി ഇൻഫോപാർക്കിലും തിരുവനന്തപുരം ടെക്നോപാർക്കിലുമായാണ് സംഘടിപ്പിച്ചത്. ഇന്ത്യയിലെ ഡിജിറ്റൽ ഹെൽത്ത് രംഗത്തെ അനന്ത സാധ്യതകൾ കണ്ടെത്തുന്നതിനായി സംഘടിപ്പിട്ട ദ്വിദിന സമ്മിറ്റിൽ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ഡിജിറ്റൽ ഹെൽത്ത് രംഗത്തെ പ്രമുഖർ, മേഖലയുടെ ഭാവിയും രാജ്യത്തെ ഡിജിറ്റൽ സേവന ദാതാക്കളുടെ അവസരങ്ങളെക്കുറിച്ചുമുള്ള ചർച്ചകളിൽ പങ്കെടുത്തു. ഡിജിറ്റൽ ഹെൽത്ത് രംഗത്തെ കമ്പനികളുടെ സാധ്യതകൾ, ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കേസുകൾ, ഡിജിറ്റൽ സർവീസ് പ്രൊവൈഡർമാർക്ക് ഭാവിയിലേക്കുള്ള സാധ്യതകൾ, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ; ഹെൽത്ത് കെയർ രംഗത്തിന്റെ ഭാവി രൂപികരിക്കുന്നു എന്നീ വിഷയങ്ങൾ ചർച്ചയായി. ഇൻഫോപാർക്കിൽ നടന്ന പരിപാടിയിൽ ആദ്യദിനം അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ സി.ഇ.ഒ സുദർശൻ ഭാംരേ, ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ സർവീസ് എക്സലൻസ് ക്ലസ്റ്റർ ഹെഡ് വൈശാഖ് സീതാറാം, സ്വസ്ത് അലയൻസ് സി.ഇ.ഒ ഡോ. അജയ് നായർ, ഫിലിപ്സ് ഹെൽത്ത് കെയർ ഇന്ത്യ ഡയറക്ടർ ബ്രജേഷ് കുമാർ സിങ്ങ് എന്നിവർ സംവദിച്ചു. തുടർന്ന് കോൾ ഹെൽത്ത് പ്രൈവറ്റ് ലിമിറ്റഡ് ഫൗണ്ടർ ആൻഡ് സി.ഇ.ഒ ഹരി തളപ്പള്ളി, ഗാർഡിയൻ എയ്ഞ്ചൽ ഹോം കെയർ ഫൗണ്ടർ ആൻഡ് സി.ഇ.ഒ ടോം ജോർജ്, എ.ഡി.എൽ പ്രിൻസിപ്പൽ ഫാബിയൻ സെംഫ്, ആക്സിസ് ബാങ്ക് മിഡ് കോർപ്പറേറ്റ് ടീം വൈസ് പ്രസിഡന്റ് ഡെന്നീസ് ജോൺസൺ, ലാൽ പാത്ത് ലാബ്സ് ലാബ് ഓപ്പറേഷൻസ് സബ് സോണൽ ഹെഡ് ഡോ. ശരണ്യ മോഹൻ, അതുല്യ സീനിയർ കെയർ റീജിയണൽ മാനേജർ ശ്രീരാജ് നായർ എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. എ.ഡി.ബി.എം ഇന്റഗ്രേഷൻ, ഡാറ്റാ



അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയവയുടെ സ്ട്രാറ്റജിയും വെല്ലുവിളികളും ചർച്ചയായി. രണ്ടാം ദിനം ടെക്നോപാർക്കിൽ നടന്ന പരിപാടിയിൽ അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ സി.ഇ.ഒ സുദർശൻ ഭാംരേ, ഫിലിപ്സ് ഹെൽത്ത് കെയർ ഇന്ത്യ ഡയറക്ടർ ബ്രജേഷ് കുമാർ സിങ്ങ്, എ.ഡി.എൽ മാനേജിങ്ങ് പാർട്ട്ണർ ബർണിക് മൈത്ര എന്നിവർ സംവദിച്ചു. തുടർന്ന് നടന്ന സെഷനിൽ ആക്സിസ് ബാങ്ക് കൊമേഴ്സ്യൽ ബാങ്കിങ്ങ് ടീം വൈസ് പ്രഡിഡന്റ് വി.കെ വിഷ്ണു, ലാൽ പാത്ത് ലാബ്സ് ലാബ് ഓപ്പറേഷൻസ് സബ് സോണൽ ഹെഡ് ഡോ. ശരണ്യ മോഹൻ എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നൽകി. എ.ഡി.എൽ പ്രൈവറ്റ് ലിമിറ്റഡ് മാനേജർ ഗൗരവ് ശർമ്മ സെഷൻ സംഗ്രഹിച്ച് സംസാരിച്ചു. നാറ്റ്ഹെൽത്ത് സെക്രട്ടറി ജനറൽ സെക്രട്ടറി സിദ്ധാർത്ഥ് ഭട്ടാചാര്യ പരിപാടിയിൽ അധ്യക്ഷനായി. ഇൻഫോപാർക്കിൽ നടന്ന പരിപാടിയിൽ ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിലും ടെക്നോപാർക്കിൽ നടന്ന പരിപാടിയിൽ ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ചടങ്ങിന് സ്വാഗതവും നാറ്റ്ഹെൽത്ത് സൗത്ത് ചാപ്റ്റർ റീജിയണൽ ലീഡ് ഡോ. പുഷ്പ പ്രസാദ് നന്ദിയും പറഞ്ഞു.

# എം.പി.ഐ സംരംഭക സഹായ പദ്ധതി

**കൊച്ചി:** ഫുഡ് ടെക്നോളജി/ലൈവ് സ്റ്റോക്ക്/കുക്കറി/ബുച്ചറി തുടങ്ങിയ കോഴ്സുകൾ പാസായി ജോലിരഹിതരായി കഴിയുന്ന യുവാക്കൾക്കും തൊഴിൽരഹിതർക്കും സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കാൻ എം.പി.ഐ. യുടെ മിനിസെയിൽസ് ഔട്ട്ലറ്റ് കം ഫുഡ് ഹബ്ബുകൾ തുടങ്ങാൻ സർക്കാർ ധനസഹായം നൽകുന്നു. ഈ വർഷം 1000 ഔട്ട്ലറ്റുകൾ ആരംഭിക്കും. ഒരു സംരംഭ കന് എം.പി.ഐ. ഒരു ഫ്രീസർ നൽകും. ഘട്ടംഘട്ടമായിട്ടായിരിക്കും തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് ഔട്ട്ലറ്റുകൾ തുടങ്ങാൻ സഹായം നൽകുന്നത്.കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വൈദ്യുതി കണക്ഷനുള്ള കട മുറി സ്വന്തമായോ വാടകയ്ക്കോ അതിനൊപ്പം മറ്റു അനുബന്ധ ഉപകരണങ്ങളും ഔട്ട്ലറ്റിനായി ഒരുക്കണം. ഇതിന് ബാങ്കുകളിൽ നിന്ന് വായ്പ ആവശ്യമുള്ളവരുടെ അപേക്ഷ എം.പി.ഐ. ബാങ്കുകൾക്ക് ശുപാർശ ചെയ്യും. മൈക്രോഫിനാൻസ് ബാങ്കുകളിൽനിന്നും ലഭ്യമാകുന്നതിന്റെ തിരിച്ചടവ് സംരംഭകരുടെ ഉത്തരവാദിത്വമായിരിക്കും. രജിസ്ട്രേഷൻ ജൂൺ 19 മുതൽ ആഗസ്റ്റ് 31 വരെ നടത്താം. രജിസ്ട്രേഷന്റെ മുൻഗണനാക്രമത്തിലായിരിക്കും അർഹരായവർക്ക് ഔട്ട്ലറ്റുകൾ നൽകുക. അപേക്ഷാഫോം **meatproductsofindia.com** ൽ ലഭിക്കും. വിശദവിവരങ്ങൾക്ക്: 9446489333.

# ബിഎൻഐ ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നു




**കൊച്ചി:** ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ബിസിനസുകൾക്കും വേണ്ടിയുള്ള ആഗോള റഫറൽ മാർക്കറ്റിംഗ് സംഘടനയായ ബിസിനസ് നെറ്റ് വർക്ക് ഇന്റർനാഷണൽ (ബിഎൻഐ) ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ബിഎൻഐ സ്ഥാപകനും ചീഫ് വിഷനറി ഓഫീസറുമായ ഡോ. ഇവാൻ മിസ്നർ ഇന്ത്യയിലെത്തി സംരംഭകരുമായി കൂടിക്കാഴ്ച്ച നടത്തി. ദേശീയതലത്തിൽ 121 നഗരങ്ങളിലെ 1080 ചാപ്റ്ററുകളിലായി 50830 അംഗങ്ങളുള്ള ബിഎൻഐ, അംഗങ്ങൾക്ക് ഉതകുന്ന സംരംഭങ്ങളെ പരിചയപ്പെടുത്തുകയും ബിസിനസ് വളർച്ചയ്ക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്ന സംഘടനയാണ്. സംരംഭക മേഖലയിൽ വൈദഗ്ധ്യം നേടിയ ആളുകളുടെ ക്ലാസുകളും ബിഎൻഐ അംഗങ്ങൾക്ക് ലഭ്യമാക്കുന്നു. കേരളത്തിൽ 110 ചാപ്റ്ററുകളിലായി അയ്യായിരത്തോളം അംഗങ്ങളുള്ള ബിഎൻഐ, 2.86 കോടി രൂപയുടെ ബിസിനസാണ് കഴിഞ്ഞ സാമ്പത്തികവർഷം സൃഷ്ടിച്ചത്.സംരംഭകത്വ പരിശീലനം വഴി രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണായക പങ്ക് വഹിക്കാൻ ബിഎൻഐക്ക് സാധിക്കുന്നതായി ഡോ. ഇവാൻ മിസ്നർ പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 30516 കോടി രൂപയുടെ ബിസിനസ് വോളിയം ഞങ്ങളിലൂടെ സാധ്യമായി. പ്രദേശങ്ങളെ വ്യത്യസ്ത മേഖലകളാക്കിതിരിച്ചുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഇതിലൂടെ സംരംഭങ്ങളുടെ സഹകരണവും വളർച്ചയും ഉറപ്പാക്കാൻ കഴിയുന്നു. ഇന്ത്യയുടെ മറ്റിടങ്ങളിലേക്ക് ബിഎൻഐയുടെ പ്രവർത്തനം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com